കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/F1/2263/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/01/2026
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/F1/2263/2025 തീയ്യതി: 08/01/2026

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2024 മുതൽ 23-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.എസ്.ബിജേഷ് കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ (കെ.എ.എസ്)	24-11-2025	03-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-11-2025	03-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.ഇ.വി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.സതീഷ്കുമാർ.സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അയന.എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സബിത മണക്കുനി	പ്രസിഡന്റ്	01-04-2024	31-03-2025
ബാബുലാൽ.എൽ.	സെക്രട്ടറി	01-04-2024	31-05-2024
അബ്ദുൾ അസീസ് വള്ളിൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-06-2024	23-09-2024
ഗംഗാധരൻ.എം.	സെക്രട്ടറി	01-10-2024	04-10-2024
അനിൽകുമാർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-10-2024	25-11-2024
സജിത് കുമാർ.എം.കെ.	സെക്രട്ടറി	27-11-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.സുഷാന്ത്	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2024	31-03-2025
ഡോ.രാഖി	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2024	31-03-2025
ഡോ.സുനിൽ കുമാർ	വെറ്ററിനറി സർജൻ	01-04-2024	31-03-2025

ശ്രീമതി.ഗീതികാ ചന്ദ്രബോസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.സലീൽ കുമാർ.കെ.കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ദീപ ഇ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.സുജല.ടി.കെ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി.അഞ്ജലി.പി.	കൃഷി ഓഫീസർ	01-04-2024	31-03-2025
ബാബു.എം.	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി.അഞ്ജലി.എം.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ.രാജീവൻ.കെ.എം.	ഹെഡ് മാസ്റ്റർ	01-04-2024	13-06-2024
ശ്രീമതി.ദിവ്യ,വി.	ഹെഡ് മിസ്ട്രസ്സ്.	14-06-2024	31-03-2025
ഡോ.ഷിൽന ബി മഠത്തിൽ	മെഡിക്കൽ ഓഫീസർ അലോപ്പതി	01-04-2024	31-03-2025
ശ്രീ.അബ്ദുൾ അസീസ് വള്ളിൽ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	23-09-2024
ശ്രീമതി.സാഹിത	അസിസ്റ്റന്റ് സെക്രട്ടറി	16-10-2024	18-10-2024
ശ്രീ.സജീവൻ.ഇ.കെ	അസിസ്റ്റന്റ് സെക്രട്ടറി	19-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	പത്രികകൾ സമർപ്പിച്ചില്ല	1-1-1
3	ക്ഷേമ പെൻഷൻ-ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-2
4	ചെലവ് തുക കമ്മിയായി രേഖപ്പെടുത്തി	1-1-3
5	നിക്ഷേപ രജിസ്റ്റർ - പലിശ വരവിനത്തിൽ വ്യത്യാസം	1-1-4
6	ഓഡിറ്റോറിയം വാടക- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	പെർമിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	ബാലൻസ് ഷീറ്റിൽ റോഡുകളുടെ ഡിപ്രീസിയേഷൻ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.	1-1-8
10	ഭൂമിയുടെ ആസ്തിമൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	സ്റ്റോക്ക് നീക്കിയിരിപ്പ്-രേഖകളില്ല	1-1-10
12	കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല	1-1-11
13	ലോൺ ബാധ്യത ആസ്തി ശീർഷകങ്ങളുമായി പൊരുത്തപ്പെടുന്നില്ല	1-1-12
14	ഡിപ്രിസിയേഷൻ വർക്ക് ഷീറ്റ് ലഭ്യമല്ല	1-1-13
15	ലോൺ ബാധ്യത- നീക്കിയിരിപ്പിൽ വ്യത്യാസം	1-1-14
16	സി.എഫ്.സി - നീക്കിയിരിപ്പിൽ വ്യത്യാസം	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
19	ഫണ്ട് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	ക്ഷേമ പദ്ധതികൾ	1-6
22	നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി	1-7
23	ചട്ട വിരുദ്ധമായി നികുതി ഇളവ് അനുവദിച്ചുനൽകി:പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം	1-8
24	ഉപയോഗശൂന്യമായ വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല	1-9
25	മത്സ്യ മാർക്കറ്റ് ലേലം ചെയ്യാത്തതിലൂടെ വരുമാനം നഷ്ടപ്പെട്ടു	1-10
26	ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചില്ല	1-11
27	സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകൾ - ചെലവു തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല	1-12
28	ഗ്രാമ സഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു	1-13
29	ബാരൽ വില തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നു	1-14
30	നടപടി ക്രമങ്ങൾ പാലിക്കാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നു	1-15
31	വില വിവര പട്ടികയിലെ ഉയർന്ന നിരക്ക് നൽകി സാധനങ്ങൾ സമാഹരിച്ചു	1-16
32	ജൽജീവൻ മിഷൻ കട്ട് ചെയ്ത റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുനസ്ഥാപിച്ചു	1-17
33	മാനവീയം സാംസ്കാരിക നിലയം- അധിക തുക അനുവദിച്ചു	1-18
34	ക്ഷീരകർഷകർക്ക് കാലിത്തീറ്റ പദ്ധതി: മോണിറ്ററിങ് അപാകതകൾ	1-19
35	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്: പദ്ധതി മോണിറ്ററിങ്ങ് അപാകതകൾ	1-20
36	ചെക്കികുളം - പ്രൈമറിന് അധിക തുക അനുവദിച്ചു	1-21
37	സംഭരണം വിഭജിച്ച് നടത്തുന്നതിനാൽ അധിക ചെലവ്	1-22
38	പെയിന്റിങ്ങ് പ്രവൃത്തികളുടെ മൂല്യനിർണ്ണയത്തിലെ വീഴ്ച: അധിക ചെലവ്	1-23
39	സിഡ്കോ റണ്ണിങ് കോൺട്രാക്ട്: കരാറിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനിലുള്ള സാധനം വിതരണം ചെയ്തു	1-24
40	പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് 27.63% മാത്രം	1-25
41	കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ- പദ്ധതി നിർവ്വഹണത്തിൽ അപാകത	1-26
42	ഖനനത്തിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം	1-27
43	പെയിന്റിംഗിന് അധിക തുക ചെലവഴിച്ചു	1-28
44	ഷീറ്റിന് അധിക നിരക്ക് നൽകി	1-29
45	പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയ കരാറുകാരന് അധിക നിരക്കിൽ ജി.എസ്.ടി നൽകി	1-30
46	മതിയായ ജി എസ് ടി ഈടാക്കിയില്ല	1-31
47	അങ്കണവാടി കെട്ടിടത്തിന് അനുവദിച്ച സ്ഥലം രജിസ്റ്റർ ചെയ്തില്ല	1-32

48	അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല	1-33
49	കിടാരി വിതരണം : അപാകതകൾ	1-34
50	ജൽ ജീവൻ- പദ്ധതി വിഹിതം വകയിരുത്തിയില്ല	1-35
51	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	മാനവീയം സാംസ്കാരിക നിലയം- അധിക തുക അനുവദിച്ചു	3-1
2	ചെക്കികുളം - പ്രൈമറിന് അധിക തുക അനുവദിച്ചു	3-2
3	ഖനനത്തിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം	3-3
4	പെയിന്റിംഗിന് അധിക തുക ചെലവഴിച്ചു	3-4
5	ഷീറ്റിന് അധിക നിരക്ക് നൽകി	3-5
6	പ്രവൃത്തി നിർവ്വഹത്തിൽ കാലതാമസം വരുത്തിയ കരാറുകാരന് അധിക നിരക്കിൽ ജി.എസ്.ടി നൽകി.	3-6
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ - വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2025 തീയതിയിലെ 2/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 20.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ. ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 പത്രികകൾ സമർപ്പിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-2 ക്ഷേമ പെൻഷൻ-ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ വാർഷിക കണക്കിലെയും സേവന സോഫ്റ്റ്വെയറിലെയും വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

പെൻഷൻ	വാർഷിക കണക്ക് പ്രകാരം	സേവന സോഷ്യൽ സെക്യൂരിറ്റി സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റ് പ്രകാരം
വാർദ്ധക്യ കാല പെൻഷൻ	39025300	39057300
വിധവാ പെൻഷൻ	20421000	20510400

1-1-3 ചെലവ് തുക കമ്മിയായി രേഖപ്പെടുത്തി

ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിലെ I9 ഷെഡ്യൂളിൽ Recovery From Others എന്ന ശീർഷകത്തിൽ 346/-രൂപ കമ്മിയായി രേഖപ്പെടുത്തിയിരിക്കുന്നു.

1-1-4 നിക്ഷേപ രജിസ്റ്റർ - പലിശ വരവിനത്തിൽ വ്യത്യാസം

നിക്ഷേപ രജിസ്റ്റർ പ്രകാരം തൻവർഷം ആർജ്ജിച്ച പലിശ 5,73,627/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 5,83,770/-രൂപയാണ്.

1-1-5 ഓഡിറ്റോറിയം വാടക- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

Rent From Auditorium&Hall എന്ന ശീർഷകത്തിലെ ഡിമാന്റ്-കളക്ഷൻ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം ഡിമാന്റ് 50,501/-രൂപയും വാർഷിക കണക്കിലെ ഡിമാന്റ് തുക 47,951/-രൂപയുമാണ്.

1-1-6 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

Profession Tax Traders എന്ന ശീർഷകത്തിലെ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം ഡിമാന്റ് 4,83,310/-രൂപയും വാർഷിക കണക്കിലെ ഡിമാന്റ് തുക 4,82,210/- രൂപയുമാണ്.

1-1-7 പെർമിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

KPBR അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. പെർമിറ്റ് അപേക്ഷാ ഫീ എന്ന ശീർഷകത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 3,58,880/- രൂപയും വാർഷിക കണക്കിലെ ഡിമാന്റ് തുക 3,93,880/- രൂപയുമാണ്. പെർമിറ്റ് ഫീ എന്ന ശീർഷകത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 61,06,108/- രൂപയും വാർഷിക കണക്കിലെ ഡിമാന്റ് തുക 51,78,910/-രൂപയുമാണ്. ക്രമവത്കരണ ഫീ ശീർഷകത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 15,34,817/-രൂപയും വാർഷിക കണക്കിലെ ഡിമാന്റ് തുക 16,93,737/-രൂപയുമാണ്.

1-1-8 ബാലൻസ് ഷീറ്റിൽ റോഡുകളുടെ ഡിപ്രീസിയേഷൻ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തി ശീർഷകങ്ങളിൽ റോഡിന്റെ മൂല്യം New Roads, Mettalled Roads, Tarred എന്നീ ശീർഷകങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16.67 % നിരക്കിലാണ് (ആയുർ ദൈർഘ്യം -6 വർഷം) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് റോഡുകളുടെ ആയുർദൈർഘ്യം 10 വർഷമാണ്. അത്തരം റോഡുകൾ പ്രത്യേക ശീർഷകത്തിൽ രേഖപ്പെടുത്തി 10% നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കേണ്ടിയിരുന്നു.

1-1-9 ഭൂമിയുടെ ആസ്തിമൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ഭൂമിയുടെ ആസ്തിമൂല്യം പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 സ്റ്റോക്ക് നീക്കിയിരിപ്പ്-രേഖകളില്ല

B14 പ്രകാരം സ്റ്റോക്കിന്റെ നീക്കിയിരിപ്പ് മൂല്യമായി രേഖപ്പെടുത്തിയിരിക്കുന്നത് 6,280/- രൂപയാണ്. എന്നാൽ സ്റ്റോക്ക് നീക്കിയിരിപ്പ് തിട്ടപ്പെടുത്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്താത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-11 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

ബാലൻസ് ഷീറ്റിലെ B15 ഷെഡ്യൂളിൽ ഉൾപ്പെട്ട കുടിശ്ശിക തുകകളുടെ കൃത്യത അറിയാൻ ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റിന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-12 ലോൺ ബാധ്യത ആസ്തി ശീർഷകങ്ങളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ B16 ഷെഡ്യൂളിലെ പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസിലെ നീക്കിയിരിപ്പ് തുക B5 ഷെഡ്യൂളുമായോ B17 ലെ വിവരങ്ങളുമായോ പൊരുത്തപ്പെടുന്നില്ല.

1-1-13 ഡിപ്രിസിയേഷൻ വർക്ക് ഷീറ്റ് ലഭ്യമല്ല

ഡിപ്രിസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് വിവരങ്ങളിൽ കൃത്യത ഇല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലെ അക്യൂമിലേറ്റഡ് ഡിപ്രിസിയേഷന്റെയും, അതുമായി ബന്ധപ്പെട്ട്

ആസ്തികളുടെ നീക്കിയിരിപ്പിന്റെയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-14 ലോൺ ബാധ്യത- നീക്കിയിരിപ്പിൽ വ്യത്യാസം

ലോൺ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് (1919611) ബി5 ഷെഡ്യൂളിലെ ബാധ്യതാ നീക്കിയിരിപ്പുമായി (9599611) പൊരുത്തപ്പെടുന്നില്ല.

1-1-15 സി.എഫ്.സി - നീക്കിയിരിപ്പിൽ വ്യത്യാസം

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബാലൻസ്ഷീറ്റിലെ B17 ഷെഡ്യൂൾ പ്രകാരം ബാങ്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 2,26,10,304/-രൂപ B4 സ്റ്റേറ്റ്മന്റിലെ നീക്കിയിരിപ്പായ 2,15,50,234/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിനത്തിൽ വാർഷിക കണക്ക് പ്രകാരം 36,71,700/-രൂപ ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ) പ്രകാരം പെർഫോമൻസ് ഗ്രാന്റിനത്തിൽ ട്രഷറി മുഖേന ചെലവഴിച്ച തുക ഉൾപ്പെടെ 35,51,909/- രൂപ മാത്രമെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളൂ. ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുകകളും എ.സി.ആറിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരം (B17) 2,26,10,304/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ നീക്കിയിരിപ്പുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ തുകകളുടെ വിനിയോഗത്തിൽ സ്ഥാപനം പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും ഗ്രാന്റിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യേകമായി മാനവൽ എ.സി.ആർ പരിപാലിക്കേണ്ടതുമാണ്.

1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09/02/2024 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 25/03/2025 തീയതിയിലെ 1/1-ാം തീരുമാന പ്രകാരവും അംഗീകരിച്ചു. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥാപനത്തിന്റെ പ്രതീക്ഷിത ബജറ്റും പരിഷ്കരിച്ച ബജറ്റിന്റെയും (യഥാർത്ഥത്തിലുള്ളത്) സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

2024-25 പ്രതീക്ഷിത ബജറ്റ്	
മുന്നിരിപ്പ്	28335652
വരവ്	299019000
ആകെ	**327354652**
ചെലവ്	304038420
നീക്കിയിരിപ്പ്	23316232

2024-25 പരിഷ്കരിച്ച ബജറ്റ്	
മുന്നിരിപ്പ്	48277845
വരവ്	348336486
ആകെ	**396614331**
ചെലവ്	338539814
നീക്കിയിരിപ്പ്	58074517

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)

മുന്നിരിപ്പ്	38616871
ഓഡിറ്റ് വർഷത്തെ വരവ്	105023021
ആകെ	**143639892**
ഓഡിറ്റ് വർഷത്തെ ചെലവ്	89403823
നീക്കിയിരിപ്പ്	54236069

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവഴിക്കാത്ത തുക

വികസന ഫണ്ട്-ജനറൽ	0	25505000	25505000	25348040	156960
വികസന ഫണ്ട്-എസ്.സി.പി	0	3320000	3320000	3320000	0
മെയിന്റനൻസ്-റോഡ്	0	21033000	21033000	9016253	12016747
മെയിന്റനൻസ്-നോൺ റോഡ്	0	5771000	5771000	2848880	2922120
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്	2255517	* 4916790	7172307	3671700	3500607
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന)	0	239583	239583	932757	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ്	12740364	9352000	22092364	4282320	19135140
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി മുഖേന)	0	3128296	3128296	343371	0

* പലിശ വരവ് ഉൾപ്പെടെ

കുറിപ്പ് : വാർഷിക കണക്ക് ബി-4 –B17 വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ബേസിക് വരവ് ചെലവ് തുകകളിലും വ്യത്യാസമുണ്ട്. ഖണ്ഡിക 1-1-5 കാണുക.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
288	158	39	91	55

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ (വാർഷിക കണക്ക് പ്രകാരമുള്ളത്) താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	14554000
വിധവാപെൻഷൻ	20421000
വാർദ്ധക്യകാലപെൻഷൻ	39025300
വികലാംഗപെൻഷൻ	9052000
50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	536000

1-7 നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി മിനുട്ട്സ് രേഖകൾ ഓഡിറ്റ് ചെയ്തതിൽ, 11/292 നമ്പർ കെട്ടിടത്തിന് "മതപരമായ ആരാധനാലയം" എന്ന അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി നികുതി ഒഴിവാക്കാൻ തീരുമാനിച്ചതായി കണ്ടു.

പ്രസ്തുത തീരുമാനവുമായി ബന്ധപ്പെട്ട 7609/ 2024 എന്ന ഫയൽ പരിശോധിച്ചതിൽ മസ്ജിദ് അസ് അദ് കമ്മിറ്റിയുടെ പ്രസിഡന്റ് ആയ ശ്രീ സൂപ്പി എന്ന വ്യക്തി തന്റെ പേരിലുള്ള 11/ 292 എന്ന കെട്ടിടം ഒരു ആരാധനാലയമാണ് എന്നും അതിനെ നികുതി പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 30.11.2024 നു സെക്രട്ടറിക്ക് ഒരു അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയ ക്ലാർക്ക് സ്ഥാപനം ഒരു ആരാധനാലയമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ വിനിയോഗ ക്രമം ഓഫീസ് ആവശ്യങ്ങൾക്കുള്ളതായി രേഖപെടുത്തിയതിനാൽ കെട്ടിടത്തിന്റെ വിനിയോഗ ക്രമം മാറ്റുന്നതിനായി കെട്ടിട ഉടമയിൽ നിന്നും അപേക്ഷ ലഭ്യമാക്കേണ്ടതുണ്ടെന്ന് ഹെഡ് ക്ലാർക്ക് ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഫീസ് കുറിപ്പിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒക്യുപെൻസി മാറ്റത്തിനുള്ള അപേക്ഷ ഇല്ലാതെ തന്നെ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി നികുതി ഇളവിനുള്ള അപേക്ഷ

പരിഗണിക്കുകയും നികുതി ഇളവ് നൽകാൻ തീരുമാനിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011-ലെ ചട്ടം 17- പ്രകാരം, ഒരു കെട്ടിടം അതിന്റെ യഥാർത്ഥ ഉപയോഗം മാറ്റുകയാണെങ്കിൽ കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ ഉപയോഗക്രമം മാറിയത് അറിയിക്കേണ്ടതും, അതോടൊപ്പം പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഇവിടെ, കെട്ടിട ഉടമ യഥാർത്ഥ ഉപയോഗ മാറ്റത്തിനുള്ള യാതൊരു അപേക്ഷയും സമർപ്പിച്ചതായി രേഖകളില്ല. അതുകൊണ്ട്, 'ഓഫീസ്' എന്ന ഉപയോഗത്തിനാണ് നികുതി കണക്കാക്കേണ്ടത്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-8 ചട്ട വിരുദ്ധമായി നികുതി ഇളവ് അനുവദിച്ചുനൽകി:പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം

കേരള പഞ്ചായത്തീരാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങൾ - 2011 ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒഴിഞ്ഞു കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കഴിയാത്ത തുക ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ഉപചട്ടം 2(ബി)പ്രകാരം ഇപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ, കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ വാക്കൻസി റെമിഷൻ ആയി നികുതി ഇളവ് നൽകിയതിന്റെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	കെട്ടിട ഉടമയുടെ പേര്	കെട്ടിട നം	അപേക്ഷ തീയതി	നികുതിയിളവ് അനുവദിച്ച കാലയളവ്
1		4/582		
2		4/583		
3		4/584		
4		4/585		01.04.2025
5	കുഞ്ഞാമ	4/586	23.09.2024	മുതൽ
6		4/587A		30.09.2025
7		4/587B		
8		4/587C		
9		4/587D		

അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തിയ ക്ലാർക്ക് അപേക്ഷ നൽകിയ കാലയളവിലേക്ക് കെട്ടിടം ഉപയോഗിക്കുകയോ, വാടകയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. യഥാർത്ഥത്തിൽ പ്രസ്തുത അപേക്ഷയിൽ ഏതു തീയതി മുതൽ കെട്ടിടം ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന് പരാമർശിക്കാതെ, കെട്ടിടം ഉപയോഗത്തിലില്ല എന്ന് അറിയിക്കുകയും ആയതിനാൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും മാത്രമാണ് ചെയ്തിരിക്കുന്നത്.

04.11.2024 ലെ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം അപേക്ഷാ തീയതിക്ക് ഏകദേശം ആറ് മാസം മുൻപുള്ള ഏപ്രിൽ 1 മുതൽ തുടങ്ങുന്ന മുഴുവൻ അർദ്ധ വർഷത്തേക്കും നികുതി ഇളവ് അനുവദിച്ച് നൽകിയതായി കാണാം. കെട്ടിടം ഒഴിഞ്ഞു കിടന്നതായി സ്ഥാപിക്കാൻ കഴിയുന്ന കാലയളവിലെ നികുതിക്ക് മാത്രമേ ആനുപാതികമായി ഇളവ് നൽകാൻ പാടുള്ളൂ. അപേക്ഷ ലഭിക്കുന്നതിന് മുൻപുള്ള ദിവസങ്ങളിൽ (ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 22 വരെ) കെട്ടിടം ഒഴിഞ്ഞു കിടന്നുവെന്ന് പരിശോധനയിലൂടെ സ്ഥാപിക്കാൻ സാധ്യമല്ല എന്നിരിക്കെ, നികുതി തുക ഇളവ് ചെയ്തത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16/2024-25 തീയതി 01.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 ഉപയോഗശൂന്യമായ വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂൾ വാഹനത്തിന്റെ കാലാവധി 15.06.2024 ന് അവസാനിച്ചിട്ടുള്ളതാണ്. 19.06.2024 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയോഗം, നിലവിലുള്ള വാഹനം ഇനി ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയിട്ടും, അത് പൊതുലേലത്തിലൂടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ട നടപടികളെക്കുറിച്ച് തീരുമാനമെടുക്കാതെ, പകരമായി ഒരു പുതിയ വാഹനം വാങ്ങുന്നതുവരെ മറ്റൊരു വാഹനം വാടകയ്ക്ക് എടുക്കുവാൻ മാത്രം തീരുമാനമെടുക്കുകയാണ് ഉണ്ടായത്.

ഒരു പൊതുസ്ഥാപനത്തിന്റെ ആസ്തി ഉപയോഗശൂന്യമാവുകയോ കാലഹരണപ്പെടുകയോ ചെയ്താൽ, അത് എത്രയും പെട്ടെന്ന് വില്പന നടത്തേണ്ടതാണ്. നിലവിൽ, ഈ വാഹനം വെറുതെ സൂക്ഷിച്ചിരിക്കുകയാണ്. വാഹനം വിൽക്കാതെ വൈകിക്കുന്നത് മൂലം, ലേലത്തിലൂടെ ലഭിക്കുമായിരുന്ന സാമ്പത്തിക മൂല്യം ഓരോ ദിവസവും കുറഞ്ഞുവരികയാണ്. പുതിയ വാഹനം വാങ്ങാൻ തീരുമാനിക്കുമ്പോൾ, പഴയ വാഹനം ഒഴിവാക്കാനുള്ള തീരുമാനവും ഒരേ സമയം എടുക്കേണ്ടതായിരുന്നു. ആസ്തി ലേലം ചെയ്യുന്നതിന് കാലതാമസം വന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 29/2024-25 തീയതി 03.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗശൂന്യമായ പഴയ വാഹനം എത്രയും വേഗം ലേലത്തിലൂടെ വിൽക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-10 മത്സ്യ മാർക്കറ്റ് ലേലം ചെയ്യാത്തതിലൂടെ വരുമാനം നഷ്ടപ്പെട്ടു

പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളിൽ ഒന്നായ മത്സ്യ മാർക്കറ്റ് 2024-2025 കാലയളവിൽ പൊതുലേലം ചെയ്യാതെ നിലനിർത്തിയിരിക്കുന്നു. മാർക്കറ്റ് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുക്കുകയോ, സെക്രട്ടറി ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

അറ്റകുറ്റ പ്രവൃത്തികൾക്കായി മൽസ്യ മാർക്കറ്റ് ഏതാനും വർഷങ്ങളായി അടച്ചിട്ടിരിക്കുകയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ നൽകിയിരുന്നെങ്കിലും, നിലവിലും മൽസ്യ മാർക്കറ്റ് ലേലത്തിൽ വെച്ചിട്ടില്ല.

മത്സ്യ മാർക്കറ്റ് പൊതുലേലം ചെയ്യാത്തതുമൂലം, ഈ സാമ്പത്തിക വർഷം പഞ്ചായത്തിന് ലഭിക്കേണ്ട ലേലത്തുക വഴിയുള്ള വരുമാനം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. വരുമാനം വർദ്ധിപ്പിക്കാൻ ബാധ്യതയുള്ള പഞ്ചായത്ത്, മാർക്കറ്റ് ലേലം ചെയ്യാത്തതിരിക്കുന്നത് പൊതു സാമ്പത്തിക ചട്ടങ്ങളുടെയും, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും ലംഘനമാണ്. ലേലം നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/2024-25 തീയതി 03.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തരമായി മത്സ്യ മാർക്കറ്റ് പൊതുലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ലേലം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

1-11 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച് ധനസഹായം (അഡ്വാൻസ്) കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്താവ് അഡ്വാൻസ് കൈപ്പറ്റി രണ്ടു വർഷം കഴിഞ്ഞിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഗുണഭോക്തൃവിന്റെ പേര്	കൈപ്പറ്റിയ തുക, തിയ്യതി
ശ്രീമതി. നാരായണി, തച്ചൻകുന്നുമ്മൽ വീട്, തിരുവള്ളൂർ - വാർഡ് - 7	40,000/– 18.03.2023

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 34/2018/ത.സ്വ.ഭ.വ, തീയതി 16.03.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. എന്നാൽ മേൽ ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 3/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്ത മേൽ ഗുണഭോക്താവിൽ നിന്നും ധനസഹായം ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകൾ - ചെലവു തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രൊജക്ട് നം, പ്രോജക്ട്	ചെലവു തുക, ഫണ്ട്, ബിൽ നമ്പർ	കൈപ്പറ്റിയ സ്ഥാപനം
1	101/25, എ.ബി. സി പ്രോഗ്രാം - തുക കൈമാറൽ	50,000 – വികസന ഫണ്ട്, പൊതുവിഭാഗം, ബിൽ നമ്പർ - 270/24-25 തീയതി 14.03.2025 50,000 – തനത് ഫണ്ട്, വൗച്ചർ നമ്പർ 22401658 തീയതി 27.03.2025 **ആകെ - 1,00,000**	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
2	369/25, മത്സ്യ സഞ്ചാരി - തുക കൈമാറൽ	1,00,000 – വികസന ഫണ്ട്, പൊതുവിഭാഗം, ബിൽ നമ്പർ - 651/24-25 തീയതി 14.03.2025	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
	ആകെ	**2,00,000**	

മേൽ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 2/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 ഗ്രാമ സഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മെൻസ്ട്രുൽ കപ്പ് വിതരണം (348/25) എന്ന പദ്ധതിയുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

പദ്ധതി നിർവഹണത്തിനായി ഗുണഭോക്തൃ ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാനായി നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 02.12.2024-ലെ ഭരണസമിതിയുടെ 11/1 നമ്പർ തീരുമാനപ്രകാരം ആശ വർക്കർ മുഖേനയോ, കുടുംബശ്രീ മുഖേനയോ സർവേ നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി മെഡിക്കൽ ഓഫീസറെ തന്നെ ചുമത്തപ്പെടുത്തിയിരുന്നു.

പദ്ധതിയുടെ ഏറ്റവും അടിസ്ഥാനപരമായ ഘടകമായ, വിതരണം ചെയ്യേണ്ട ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമ സഭയിൽ നിന്ന് അംഗീകാരം നേടിയിട്ടില്ലാത്ത സാഹചര്യത്തിൽത്തന്നെ, മെഡിക്കൽ ഓഫീസർ ടെണ്ടർ നടപടികൾ ആരംഭിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾ (Plan Guidelines) അനുസരിച്ച്, ഒരു പദ്ധതിയുടെ ആവശ്യകതയും, എത്ര യൂണിറ്റ് സാധനം വേണം എന്നും, അതിനുള്ള ഗുണഭോക്താക്കൾ ആരെല്ലാമെന്നും ഗ്രാമ സഭയാണ് തീരുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പദ്ധതികൾക്ക്, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പദ്ധതികൾ ഉൾപ്പെടെ, ഏറ്റവും അടിസ്ഥാനപരമായി ലഭിക്കേണ്ടത് ഗ്രാമസഭയുടെ അംഗീകാരമാണ്. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചത് ഗ്രാമസഭയിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെയാണ്. ഇത് പഞ്ചായത്ത് രാജ് ആക്ടിന്റെയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെയും, അടിസ്ഥാന തത്വങ്ങളുടെ ലംഘനമാണ്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.15/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ബാരൽ വില തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നുണ്ട്. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238/- രൂപയും 18% GST ഉൾപ്പടെ 281/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി) നം. 177/2006/ധന ഉത്തരവ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30-10-2007 ലെ സർക്കുലർ നം..59827/FM/07/ത.സ്വ.ഭ.വ സർക്കുലർ എന്നിവ പ്രകാരം ടാർ വീപ്പ വില ഏത് ഫണ്ടിൽ നിന്നാണോ അനുവദിച്ചത് അതേ ഫണ്ടിലേക്ക് തന്നെ തുക തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരിച്ചടക്കുന്നതിന് പകരം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയാണ് ചെയ്യുന്നത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പരും	ഫണ്ടിനം	വീപ്പ വില ഇനത്തിൽ കുറവ് ചെയ്ത തുക
98/25, മൊട്ടംതറമ്മൽ പുരയുള്ളമലയിൽ റോഡ്	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	1967

വാർഷിക കണക്കിൽ പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിൽ അല്ല ബുക്ക് ചെയ്തിരിക്കുന്നത് (2024-25 സാമ്പത്തിക വർഷത്തിൽ മാത്രം 107,551/- രൂപ ഈ ഇനത്തിൽ തനത് വരവായി ബുക്ക് ചെയ്തിട്ടുണ്ട്). തനത് ഫണ്ട് അക്കൗണ്ടിലാണ് തുക സൂക്ഷിച്ചിട്ടുള്ളത്. കരാറുകാർക്ക് ടാർ വീപ്പയുടെ വിലയിനത്തിലും മറ്റുമായി അധികം നൽകുന്ന തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ നിന്നുമുള്ള അധിക ചെലവാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്കാണ് തിരിച്ചടക്കേണ്ടത്. ഇപ്രകാരം കരാറുകാർക്ക് അധികം നൽകിയതും തിരികെ പിടിച്ചതുമായ തുകകളുടെ വിശദാംശം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറി പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിലേക്ക് മാറ്റുകയും ബന്ധപ്പെട്ട ഫണ്ട്/ഗ്രാന്റിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.06/2024-25 തീയതി 02.12.2025) നൽകിയ മറുപടിയിൽ തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടിയന്തരമായി തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-15 നടപടി ക്രമങ്ങൾ പാലിക്കാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നു

ഗ്രാമപഞ്ചായത്ത് ആരോഗ്യ കേന്ദ്രങ്ങളിലേക്ക് സാധനസാമഗ്രികൾ വാങ്ങിയതിൽ ബാധകമായ ചട്ടങ്ങൾ പാലിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക പരിധിക്ക് മുകളിലുള്ള വാങ്ങലുകൾക്ക് നിർബന്ധമായ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ പാലിച്ചില്ല. ചില സന്ദർഭങ്ങളിൽ, വാങ്ങലുകൾ വിഭജിച്ചതായും ഓഡിറ്റിന് ബോധ്യമായിട്ടുണ്ട്. സ.ഉ (അ) 259/ 2010 തീ 08.11.2010 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ സാധനങ്ങൾ സമാഹരിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ വാങ്ങിയ ഭൂരിഭാഗം വാങ്ങലുകൾക്കും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

Sl. No.	സാധനത്തിന്റെ പേര്	ബിൽ നമ്പർ	തുക (₹)	വാങ്ങിയ രീതി
1.	സർജിക്കൽ ഉപകരണങ്ങൾ	730/27.03.25	44000	കമ്പോഷൻ
2.	ഐ.ഇ.സി ബോർഡുകൾ	575/24.02.25	31,320	
3.	ഫർണീച്ചറുകൾ	570/20.02.25	22,000	
4.	ആരോഗ്യ കേന്ദ്രങ്ങളുടെ ബ്രാന്റിംഗ്	338/25.09.24	89,6800	

മത്സരാധിഷ്ഠിത സംഭരണ പ്രക്രിയയുടെ അഭാവം പൊതു ഫണ്ടിന് നഷ്ടം വരാൻ സാധ്യതയുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള സമാഹരണ നടപടികൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.28/2024-25 തീയതി03.12.205) മറുപടി ലഭ്യമായിട്ടില്ല.

1-16 വില വിവര പട്ടികയിലെ ഉയർന്ന നിരക്ക് നൽകി സാധനങ്ങൾ സമാഹരിച്ചു

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആരോഗ്യ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രൊജക്ടിന്റെ (315/2024) ഭാഗമായി ആർട്ടേക്കാ എന്ന അക്രെഡിറ്റഡ് ഏജൻസിയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഏതാനും ഫർണിച്ചറുകൾ സമാഹരിച്ചിട്ടുണ്ട്. 321/03.09.2024 എന്ന ബിൽ പ്രകാരമുള്ള തുക ആർട്ടേക്കാ യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്മെന്റ് പുറത്തിറക്കിയ ആർട്ടേക്കാ പ്രൈസ് ലിസ്റ്റും സ്ഥാപനം നൽകിയ ഇൻവോയ്സും പരിശോധിച്ചതിൽ കിച്ചൺ കപ്ബോർഡ് എന്ന ഇനത്തിന് ആർട്ടേക്കാ പ്രൈസ് ലിസ്റ്റിൽ, ഒരേ പേരും ഒരേ സവിശേഷതകളുമുള്ള രണ്ട് ഇനങ്ങളുള്ളതായി കണ്ടു. ഈ രണ്ട് ഇനങ്ങൾക്കും പ്രൈസ് ലിസ്റ്റിൽ വ്യത്യസ്ത വിലയാണ് നൽകിയിരിക്കുന്നത്. ആശുപത്രി വാങ്ങിയ കിച്ചൻ കബോർഡിന് നൽകിയ ബിൽ, ഈ രണ്ട് നിരക്കുകളിൽ കൂടിയ തുക അടിസ്ഥാനമാക്കിയുള്ളതാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇനം (Particulars)	അളവ്	കുറഞ്ഞ നിരക്കിലെ ആകെ തുക @7709/M2	ഉയർന്ന നിരക്കിലെ ആകെ തുക @ 7798/M2	നിരക്കിലെ വ്യത്യാസം (₹)
1	Kitchen Cup Board Below Working Table Rate For 1 M2 (Providing Kitchen Cupboard Below The Working Table, Having Height 60cms,Using Aluminium Plain Tube, Cleat Angle Syntex Door Set And Necessary Other Furniture Fittings Etc. Including All Cost, Labour Charges	7.130	54965.17	55599.74	634.57
2		5.370	41397.33	41875.26	477.93

സാധനം വാങ്ങുന്നതിനുള്ള ചുമതല വഹിച്ച മെഡിക്കൽ ഓഫീസർ സർക്കാർ പുറത്തിറക്കിയ വില വിവര പട്ടിക പൂർണ്ണമായി പരിശോധിച്ച് വില വിവര പട്ടികയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് ഉപയോഗിക്കാതെ, ഉയർന്ന നിരക്ക് ഉപയോഗിച്ച് പർച്ചേസ് നടത്തിയത് പഞ്ചായത്തിന് നഷ്ടം വരുത്തിയിരിക്കുന്നു. അപാതകയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.24/2024-25 തീ 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-17 ജൽജീവൻ മിഷൻ കട്ട് ചെയ്ത റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുനസ്ഥാപിച്ചു

പ്രൊ.നം, പേര്	എ.ഇ.ഒ ഓഫീസ് റോഡ് (പ്രൊ.നം- 191/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ് തുക	2,00,000/-
എസ്റ്റിമേറ്റ് നമ്പർ	3517/2024
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.11/2025 തീയതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തോടന്നൂർ എ.ഇ.ഒ ഓഫീസ് റോഡ് എന്ന പദ്ധതി പ്രകാരം 3,70,959/- രൂപ ചെലവഴിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിന് കട്ട് ചെയ്ത റോഡിന്റെ പുനസ്ഥാപനവും മേൽ പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തോടന്നൂർ എ.ഇ.ഒ ഓഫീസ് റോഡ് കട്ട് ചെയ്ത് പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കട്ട് ചെയ്യുന്ന റോഡുകൾ പുനസ്ഥാപിക്കേണ്ട ഉത്തരവാദിത്തം കേരള വാട്ടർ അതോറിറ്റിക്കാണ്. ജൽജീവൻ മിഷൻ എസ്റ്റിമേറ്റിൽ ടാർ ചെയ്ത റോഡുകളുടെ പുനസ്ഥാപനത്തിനായുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റോഡിന്റെ പുനസ്ഥാപന പ്രവൃത്തികൾ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചിട്ടുള്ളത്. 29.11.2025 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ പൈപ്പിനായി കട്ട ചെയ്ത ഭാഗം മതിയായ കോംപാക്ഷൻ നടക്കാത്തതിനാൽ ടാറിംഗ് തകർന്ന നിലയിലാണെന്നതും ബോധ്യപ്പെട്ടിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കട്ട് ചെയ്യുന്ന റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള തുക പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിലും പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച പ്രവൃത്തി നടത്തിയതു മൂലം ജൽ ജീവൻ പദ്ധതിയിൽ പ്രവൃത്തി നടപ്പാക്കാനുള്ള സാധ്യത ഇല്ലാതാക്കിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കട്ട് ചെയ്യുന്ന റോഡുകൾ പ്രസ്തുത പദ്ധതി പ്രകാരം പുനസ്ഥാപിക്കപ്പെടുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

1-18 മാനവീയം സാംസ്കാരിക നിലയം- അധിക തുക അനുവദിച്ചു

പ്രൊ.നം, പേര്	മാനവീയം നവീകരണം (പ്രൊ.നം- 239/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	1,55,856/-
എസ്റ്റിമേറ്റ് നമ്പർ	81861/2023
ബിൽ നം,തിയ്യതി	ചെക്ക് നം. 2544 തീയതി. 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.08/2025, തീയതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ മാനവീയം നവീകരണം എന്ന പദ്ധതി പ്രകാരം മാനവീയം സാംസ്കാരിക കേന്ദ്രത്തിന്റെ വരാന്തക്ക് ഷീറ്റ് ഇടുന്നതിനും കേടായ പാർട്ടീഷൻ ബോർഡുകൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും പ്രവൃത്തി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) ഷീറ്റ് വിരിക്കുന്നതിന് ഉയർന്ന നിരക്ക് നൽകി

എസ്റ്റിമേറ്റ് പ്രകാരം 0.35 Mm ഷീറ്റ് വിരിക്കുന്നതിന് OD140182/2023-2024 നമ്പറായി 677.56/- രൂപ നിരക്കിലാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. 680/- രൂപ നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. G.I Limpet Washer , Galyanised Steel Bolts & Nuts 6 Mm Dia And 25 Mm Long Round Head With Slots എന്നിവ ഉൾപ്പെടെയുള്ളവ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയതിനാലാണ് ഉയർന്ന നിരക്ക് അനുവദിക്കുപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ 51.20 എന്ന ഇനത്തിനെ അടിസ്ഥാനമാക്കിയായിരുന്നു ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.

0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത് 603.04/- രൂപ നിരക്കിലായിരുന്നു. കോഴിക്കോട് ജില്ലയിലെ സാങ്കേതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാതൃകാ ഒബ്സർവ്വ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41/- രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269/- രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി OD പ്രകാരം	കരാറുകാരന് നൽകിയ തുകയുടെ	603.04 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ	പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്	വിവരം (GST ഉൾപ്പെടെ)	നൽകേണ്ടിയിരുന്ന തുക.	
13.2 Sqm	10592	13.2x603.04+18% GST=9393	1199

ബി) പാർട്ടിക്കിൾ ബോർഡിന് അധിക തുക നൽകി

സാംസ്കാരിക നിലയത്തിന്റെ നിലവിലുള്ള പാർട്ടീഷൻ ഷീറ്റുകൾ (അലൂമിനിയം ചാനലിൽ ഘടിപ്പിച്ചവ) മാറ്റുന്നതിനായി 18 Mm കനമുള്ള Multi Wood Board സ്ഥാപിക്കുന്നതിനായി 50.9.12.1 പ്രകാരമുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനം ഷെൽഫുകൾ നിർമ്മിക്കാനുള്ളതാണ്. അലൂമിനിയം പാനലുകൾക്കിടയിൽ പാർട്ടീഷൻ ബോർഡുകൾ ഉൾപ്പെടുത്തുന്നതിന് യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്ന ഇനം പ്രൈസ് DAR 21.2.2 പ്രകാരമുള്ളതാണ്. ആയതിൽ 12 Mm Prelaminated Particle Board ആണ ഉപയോഗിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ സാമ്പിളുകൾ പരിശോധിച്ചതിൽ ആയത് 12 Mm ഷീറ്റ് ആണെങ്കിലും 29.11.2025 തീയതിയിലെ സ്ഥല പരിശോധനയിൽ 12 Mm നേക്കാൾ കുറഞ്ഞ കനമാണ് ഷീറ്റിനുള്ളതെന്ന് ബോധ്യപ്പെട്ടെങ്കിലും സ്ക്രൂ ഗേജിന്റെ അഭാവത്തിൽ കനം ഭൗതിക പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഷീറ്റിന്റെ കനം 12 Mm ആണെന്നത് അംഗീകരിച്ചാൽ പോലും നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 12,626/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയത് കാണുക.

1-19 ക്ഷീരകർഷകർക്ക് കാലിത്തീറ്റ പദ്ധതി: മോണിറ്ററിങ് അപാകതകൾ

പ്രൊജക്ടിന്റെ നമ്പരും പേരും	കാലിത്തീറ്റ സബ്സിഡി (പ്രൊ.നം 183/25)
നിർവഹണ ഉദ്യോഗസ്ഥ	ഡയറി ഫാം ഇൻസ്ട്രക്ടർ
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം 25 തീ 02.12.2025

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി (പ്രൊ.നം 183/25) എന്ന പദ്ധതി മുഖേന ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി ക്ഷീരസഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയ വിലയുടെ പകുതിയായി പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും കർഷകർക്ക് ക്ഷീരസഹകരണ സംഘങ്ങൾ അധിക നിരക്കിലാണ് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളത്.

ഉദാഹരണം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ക്ഷീരസഹകരണ സംഘത്തിന്റെ പേര്	കാലിത്തീറ്റ വാങ്ങിയ നിരക്ക്	കർഷകന് കാലിത്തീറ്റ വിതരണം ചെയ്ത നിരക്ക്	അധികമായി ഈടാക്കിയ തുക
കോട്ടപ്പള്ളി ക്ഷീരസഹകരണ സംഘം	1417	1540	123
തിരുവള്ളൂർ ക്ഷീരസഹകരണ സംഘം	1420	1550	130

പഞ്ചായത്ത് പരിധിയിൽ തന്നെ വ്യത്യസ്ത നിരക്കിലാണ് ക്ഷീര സഹകരണ സംഘങ്ങൾ കാലിത്തീറ്റ വിതരണം ചെയ്തു വരുന്നത്. ബാഗിന്റെ വിലയ്ക്ക് പുറമെ ക്ഷീരസംഘങ്ങൾക്ക് സംഭരണത്തിനും കയറ്റിറക്കത്തിനും അധിക ചെലവുണ്ടാകുന്നതിന് സാധ്യതയുണ്ട്. എന്നാൽ കർഷകരിൽ നിന്നും അധിക തുക ഈടാക്കുന്നതിന് യാതൊരു മാനദണ്ഡങ്ങളും പാലിക്കുന്നില്ലെന്നത് വ്യക്തമാണ്. അധിക വില ഈടാക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് യാതൊരു നിയന്ത്രണ സംവിധാനവും ഏർപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്: പദ്ധതി മോണിറ്ററിങ്ങ് അപാകതകൾ

പ്രൊജക്ട് നം	134/24-25, 182/24-25
പ്രൊജക്ട് :	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
നിർവ്വഹണം	ഡയറി ഫാം ഇൻസ്ട്രക്ടർ
എൻകെയറി നമ്പർ	നം. 25 / തീ 03.12.2025

ക്ഷീരസഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീര കർഷകർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും 3/- രൂപ നിരക്കിൽ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. ക്ഷീരമേഖല സംരക്ഷിച്ച് പാൽ ഉൽപാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കൾക്ക് തുക ലഭ്യമായില്ല

ബിൽ നമ്പർ 243/24 തീയതി 09.05.2024, 242/24 തീയതി 09.05.2024, 241/24 തീയതി 09.05.2024, 339/24 തീയതി 11.12.24 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക

കൈമാറിയത് സംബന്ധിച്ച് യു.ടി.ആർ സ്റ്റേറ്റ്മന്റ് പരിശോധിച്ചതിൽ, താഴെ കൊടുത്തത് പ്രകാരമുള്ള തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് എത്തിയതായി കാണുന്നില്ല.

ക്രമ.നം.	ഗുണഭോക്തൃവിന്റെ പേര്	തുക
1	ഹമീദ്	2844
2	ഗീത	2483
3	മാലതി	924

ഡിഎ1/53/2025- ത.സ്വ.ഭ.വ തീയതി: 18-02-2025 ഉത്തരവ് പ്രകാരം ട്രഷറി ബിൽ നൽകിയതിന് ശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അർഹതപ്പെട്ട തുക വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണഭോത്യ അക്കൗണ്ട് വിവരങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള പിശക് ഉള്ളതിനാൽ തുക കൈമാറാൻ സാധിക്കാതിരുന്നാൽ ആയത് 30 ദിവസത്തിനകം പരിഹരിച്ച് നൽകിയാൽ പ്രസ്തുത തുക ഗുണഭോതാവിന് കൈമാറാവുന്നതാണ്. ഇതിൽ വീഴ്ച്ച വരുന്നതിനാലാണ് സർക്കാരിന്റെ സോഴ്സ് ഹെഡിലേക്ക് തുക തിരികെ പോകുന്ന അവസ്ഥ ഉണ്ടാവുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പാൽ അളന്നതിന്റെ രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടത്. ഗുണഭോക്താക്കൾ സൊസൈറ്റികളിൽ പാൽ അളന്നതിന്റെ രേഖകൾ ക്ഷീരസഹകരണ സംഘം സെക്രട്ടറി സാക്ഷ്യപെടുത്തിയത് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

3) 28.05.2022-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ(കൈ) നം. 115/2022 ഖണ്ഡിക 2.15 പ്രകാരം സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 5,00,000/- രൂപയാണ്. അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകളോ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21 ചെക്കികുളം - പ്രൈമറിന് അധിക തുക അനുവദിച്ചു

പ്രൊ.നം, പേര്	ചെക്കിക്കുളം നവീകരണം പൂർത്തീകരണം (പ്രൊ.നം- 265/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	1,29,814/-
എസ്റ്റിമേറ്റ് നമ്പർ	139099/2023
ബിൽ നം, തീയതി	ചെക്ക് നം. 2543 തീയതി 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.09/2025 തീയതി 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ചെക്കികുളം നവീകരണം-പൂർത്തീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ കുളത്തിന് കൈവരിയായി സ്റ്റീൽ വർക് നടത്തുകയും സ്റ്റീലിന്മേൽ പെയിന്റിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. 10.1 പ്രകാരമുള്ള സ്റ്റീൽ വർക്കിന്റെ ഡാറ്റയിൽ സ്റ്റീലിന് പ്രൈമർ നൽകുന്നതിനുള്ള 13.50.3 പ്രകാരമുള്ള ഇനം സബ് ഡാറ്റയായി ഉൾപ്പെട്ടിട്ടുണ്ട്. കൈവരിയിലെ സ്റ്റീലിന് പെയിന്റ് നൽകുന്നതിനായി 13.62.1 എന്ന ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ പ്രൈമർ ഉൾപ്പെട്ടിട്ടുണ്ട്. മാത്രമല്ല പ്രൈമർ മരത്തിന് നൽകുന്നതിനുള്ളതാണ്. യഥാർത്ഥത്തിൽ നിർവ്വഹിക്കേണ്ടിയിരുന്ന ഇനം 13.61.1 പ്രകാരമുള്ളതാണ്. ആയതിന്റെ എസ്റ്റിമേറ്റ് നിരക്ക് 143.94/-രൂപ മാത്രമാണ്. ഉയർന്ന നിരക്കുള്ളതും തെറ്റായതുമായ 13.62.1 എന്ന ഇനം നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

1-22 സംഭരണം വിഭജിച്ച് നടത്തുന്നതിനാൽ അധിക ചെലവ്

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രോജെക്ടിനായി ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ഇതിൽ ഒരേ ഇനങ്ങൾ വ്യത്യസ്ത കോട്ടേഷനിലൂടെ സ്വരൂപിച്ചിരുന്നതിനാൽ ഉയർന്ന വില നൽകേണ്ടി വന്നിട്ടുണ്ട്. ഉദാഹരങ്ങൾ താഴെ കൊടുക്കുന്നു.

1. ബിപി അപ്പാരറ്റസ്

ആകെ 4 ബിപി അപ്പാരറ്റസുകൾ ആണ് സാമ്പത്തിക വർഷത്തിൽ വാങ്ങിയിരിക്കുന്നത്. ഇവ രണ്ടു തവണകളായി കാട്ടേഷൻ വിളിച്ചു രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

അതിനാൽ തന്നെ രണ്ട് വ്യത്യസ്ത നിരക്കുകളിലുമാണ് സാധനം സമാഹരിച്ചിരിക്കുന്നത്.

സ്ഥാപനത്തിന്റെ പേര്	ബിൽ നം	ഒരു ഉപകരണത്തിന്റെ വില	ആകെ തുക
സ്റ്റാർ കെം	708/22.3.2025	8728	8728x2= 17456
ശ്രീരാജ് സർജിക്കൽസ്	730/22.3.2025	8928.5	8928.5x2= 17857

2. <u>ലബോറട്ടറിയിലും സബ് സെൻററുകളിലുമുള്ള ബോർഡ് വാങ്ങൽ</u>

ഹെൽത്ത് സെന്ററുകളിലേക്കും, ലബോറട്ടറികളിലേക്കും സൈൻ ബോർഡുകൾ, ഐ.ഇ.സി ബോർഡുകൾ എന്നിവ വാങ്ങിയതിലും ഇതേരീതിയിൽ രണ്ട് വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ചതായി കാണും. സാധനം സമാഹരിച്ചിരിക്കുന്നത് ഒരേ സ്ഥാപനത്തിൽ നിന്നാണാണെകിലും വ്യത്യസ്ത നിരക്കിലാണ് വാങ്ങിയിരിക്കുന്നത്.

ക്രമ നം	ഉല്പന്നം	ഹെൽത്ത് സെന്ററുകളിലേക്ക് വാങ്ങിയ വില (575/24.2.25)	ലബോറട്ടറികളിലേക്ക് വാങ്ങിയ വില (707/22.3.25)
1	ഐ.ഇ.സി ബോർഡ് (3x2 Ft)	720x5എണ്ണം	750x5 എണ്ണം
2	ഐ.ഇ.സി ബോർഡ് (2x1.5ft)	360x30എണ്ണം	375x8എണ്ണം
3	ഐ.ഇ.സി ബോർഡ് (2x1ft)	240x5എണ്ണം	250x5എണ്ണം
4	സൈൻ ബോർഡ്	60	85

ഏകീകൃതമായി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വിലക്കുറവ് നഷ്ടമായതിലൂടെ സ്ഥാപനത്തിന് അധികച്ചെലവ് ഉണ്ടായതായി കാണാം. ഒരേ സാധനത്തിന് കേന്ദ്രീകൃതമായ വാങ്ങൽ നടത്താതെ ആവർത്തിച്ചുള്ള വാങ്ങലുകൾക്ക് അംഗീകാരം നൽകിയത്, ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലെ വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.27/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

.

1-23 പെയിന്റിങ്ങ് പ്രവൃത്തികളുടെ മൂല്യനിർണ്ണയത്തിലെ വീഴ്ച: അധിക ചെലവ്

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹെൽത്ത് & വെൽനെസ് ആക്ടിവിറ്റീസ് എന്ന പദ്ധതി (പ്രൊ.നം. 314 /25) മുഖേന സബ്സെന്ററുകളുടെ കോ-ബ്രാന്റിങ്ങുമായി ബന്ധപ്പെട്ട് പെയിന്റിംഗ് മാറ്റുന്നതിനും പേര് എഴുതുന്നതിനും ലോഗോ വരയ്ക്കുന്നതിനും കമ്മീഷൻ മുഖേന സേവനം സമാഹരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെയാണ്.

പ്രവൃത്തിക്ക് മുന്നോടിയായി അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സ്ക്രാപ്പിംഗ്, പെയിന്റിംഗ്, റീ പെയിന്റിംഗ്, പ്രൈമർ ഉൾപ്പെടെയുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കമ്മീഷൻ മുഖേന കരാറുകാരെ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക കോട്ട് ചെയ്ത റിച്ച് മീഡിയ എന്ന സ്ഥാപനത്തിന്റെ (16/SqM-Painting, 8000- Art Work) ഓഫർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 6 സബ് സെന്ററുകളിലെ ബ്രാൻഡിംഗ് പ്രവൃത്തി ചെയ്ത വകയിൽ 338/25.09.2024 എന്ന ബിൽ മുഖേന 89,680/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. എന്നാൽ, പ്രവൃത്തി പൂർത്തിയാക്കിയ ശേഷം, കരാറുകാരന് ബിൽ മാറി നൽകുന്നതിന് മുമ്പ്, ചെയ്ത പ്രവൃത്തി എസ്റ്റിമേറ്റിന് അനുസൃതമായാണോ, ഗുണനിലവാരമുള്ളതാണോ, വില നിശ്ചയിച്ചതുപോലെ തന്നെയുണ്ടോ എന്നതിനെക്കുറിച്ച് സാങ്കേതിക വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഒരു മൂല്യനിർണയ സർട്ടിഫിക്കറ്റ് (Valuation Certificate) മെഡിക്കൽ ഓഫീസർ വാങ്ങിയിട്ടില്ല.

ഇത്തരത്തിൽ മൂല്യ നിർണയ രേഖകളില്ലാതെ തുക അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി കാണാം. ഉദാഹരണത്തിന് പഞ്ചായത്തിലെ 6 സബ് സെന്ററുകളിൽ ഒന്നായ വെള്ളൂക്കര സബ് സെന്ററിലെ പ്രവൃത്തിയുടെ സ്ഥല പരിശോധന നടത്തിയതിൽ താഴെ കൊടുത്ത പ്രകാരമുള്ള വ്യത്യാസം കാണാൻ കഴിഞ്ഞിട്ടുണ്ട്.

ക്രമ നമ്പർ	ഇനം (Item Of Work)	എസ്റ്റിമേറ്റ് അളവ് (Sq.M)	യഥാർത്ഥ അളവ് (Sq.M)
1	മുൻവശത്തെ ഭിത്തി (Front Elevation Wall)	11x2.4= 26.4	11x2.7= 29.7
2	ഷോ ഭിത്തികൾ	2x4x1.5 =12	2x0.543+ 2x0.335+2x0.482 =2.72
3	സൺഷെയ്ഡുകൾ	12.2x0.7 =8.540	12.2x0.76 =9.272
	ആകെ(A)	46.94	41.692
4	വാതിലുകൾ -2	2x1x2 =4	2x2x0.98 =3.92
5	ജനലുകൾ (Windows - Total Area)-3	3x1x1.4 =4.2	3x1x1.4 =4.2
6	പടികൾ	Nil	0.25x4.93 = 1.2325
	ആകെ (B)	8.2	9.3525
9	ആകെ ഏരിയ (A-B)	38.740	32.34

നിർമ്മാണ പ്രവൃത്തികൾക്ക് പണം അനുവദിക്കുന്നതിന് മുമ്പ്, ആ പ്രവൃത്തിയുടെ അളവെടുപ്പും (Measurement), അതിന്റെ അടിസ്ഥാനത്തിലുള്ള മൂല്യനിർണയ സർട്ടിഫിക്കറ്റും (Valuation Certificate) സമർപ്പിച്ചു എന്ന് ഉറപ്പുവരുത്തേണ്ട പ്രാഥമിക ചുമതല ബിൽ മാറി നൽകാൻ അധികാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥനാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18/2024-25 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ സബ് സെന്ററുകളിലെയും പ്രവൃത്തിയുടെ മൂല്യം അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് അളവെടുപ്പിച്ച് മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-24 സിഡ്കോ റണ്ണിങ്ങ് കോൺട്രാക്ട്: കരാറിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനിലുള്ള സാധനം വിതരണം ചെയ്തു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 315-ാം നമ്പർ പ്രോജക്ടിൽ സബ് സെന്ററുകളിലെ രോഗ നിർണയ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും 5 അക്വാഗാർഡ് ഷുവർ വാട്ടർ പ്യൂരിഫൈർ വാങ്ങിയിട്ടുണ്ട്. ഒരു വാട്ടർ പ്യൂരിഫയറിന് 13,328/-രൂപ നിരക്കിൽ ആകെ 66,641/- രൂപ 321/3.09.2024 ബിൽ പ്രകാരം സിഡ്കോയ്ക്ക് കൈമാറിയിട്ടുമുണ്ട്.

കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി (KMSCL) സിഡ്കോ റണ്ണിങ്ങ് കോൺട്രാക്ടിൽ (No: KMSCL/EP/T413/863/2021) ഏർപ്പെട്ടതിന്റെ ഭാഗമായാണ് ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാട്ടർ പ്യൂരിഫയറിനെ (Model & Make: Aquaguard SURE) സംബന്ധിച്ചുള്ള പരിശോധനയിൽ, കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ

ലിമിറ്റഡ് (KMSCL) പുറത്തിറക്കിയ റണ്ണിംഗ് കോൺട്രാക്ട് നോട്ടീസിലെ സാങ്കേതിക സവിശേഷതകളിൽ നിന്ന് ഉൽപ്പന്നത്തിന് വ്യത്യാസങ്ങൾ ഉള്ളതായി കണ്ടെത്തി.

സവിശേഷത	സർക്കാർ ഓർഡറിലെ വിവരണം (Running Contract)	ഉപയോക്തൃ മാനുവലിലെ വിവരണം	വ്യത്യാസം
ടാങ്ക് ശേഷി (Tank Capacity)	ഓട്ടോമാറ്റിക് ഫില്ലിംഗോടുകൂടിയ 9 ലിറ്റർ സംഭരണ ശേഷി.	6 ലിറ്റർ ടാങ്ക് ശേഷി.	സർക്കാർ ഉത്തരവിൽ പറഞ്ഞ 9 ലിറ്ററിന് പകരം 6 ലിറ്റർ ശേഷിയുള്ള യൂണിറ്റാണ് ലഭിച്ചത്.
ജല പുനരുപയോഗം	40% ജല പുനരുപയോഗം	25% ജല പുനരുപയോഗം	കരാറിൽ പറഞ്ഞതിനേക്കാൾ കുറഞ്ഞ ജലമാണ് ഈ യൂണിറ്റിൽ പുനരുപയോഗിക്കുന്നത്.
പോസ്റ്റ് കാർബൺ ഫിൽട്ടർ (Post Carbon Filter)	പ്യൂരിഫയറിനുള്ളിൽ Inline Pre And Post Carbon Filters- ഉണ്ടായിരിക്കണം.	മാന്വലിൽ: "ഈ ഉൽപ്പന്നത്തിന് പോസ്റ്റ്കാർബൺ കാട്രിഡ്ജില്ല." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്	കരാറിൽ നിർബന്ധമാക്കിയ പോസ്റ്റ് കാർബൺ ഫിൽട്ടർ ഉൽപ്പന്നത്തിൽ ഇല്ലെന്ന മാനുവലിൽ വ്യക്തമാക്കുന്നു.

കുറഞ്ഞ സവിശേഷതകളുള്ള ഉൽപ്പന്നം ഉയർന്ന വിലയ്ക്ക് വാങ്ങിയതിലൂടെ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിന് മുന്നേ വിതരണം ചെയ്ത ഉൽപ്പന്നം (വാട്ടർ പ്യൂരിഫയർ) കോൺട്രാക്ട് നോട്ടീസിൽ വ്യക്തമാക്കിയ സാങ്കേതിക സവിശേഷതകൾക്ക് അനുസരിച്ചാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ട പ്രാഥമിക ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനാണ്.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14 തീയതി 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പെസിഫിക്കേഷൻസ് പരിശോധിച്ച് ഉറപ്പ് വരുത്താഞ്ഞതിനാൽ നിർദ്ദേശിക്കപ്പെട്ട ഉല്പന്നത്തിന്റെ ഗുണ നിലവാരത്തിൽ കുറഞ്ഞ നിലവാരമുള്ള ഒരു ഉൽപ്പന്നത്തിന് ഉയർന്ന വില നൽകേണ്ടി വന്നതായി കാണാം. ഇക്കാര്യത്തിൽ കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

1-25 പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് 27.63% മാത്രം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവുകൾ രേഖപ്പെടുത്തിയതിലും വീഴ്ചകൾ സംഭവിച്ചതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആസൂത്രണം ചെയ്ത പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാനും ഓഡിറ്റ് വർഷത്തിൽ സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്. അപാകതകളുടെ വിശദാംശവും അപാകത മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടവും ഭാഗം 3 ൽ ചേർത്തിട്ടുണ്ട്. അപാകതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

1. **ഡാറ്റയുടെ അഭാവം**

ആസ്തികളെ സംബന്ധിച്ച ഒരു വിവര വ്യൂഹം തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആസ്തി രജിസ്റ്റർ കൃത്യതയില്ലാത്തതും കാലികമല്ലാത്തതുമാണ്. ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹിച്ച ഓടകളുടെയും കുളങ്ങളുടെയും നിർമ്മാണ ഫയലുകൾ പരിശോധിച്ചതിൽ ആസ്തിയുടെ വീതി, നീളം എന്നിവ സംബന്ധിച്ച രേഖകളുടെ അഭാവത്തിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയും മുൻഗണന നിശ്ചയിക്കാതെയുമാണ് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

2. **പ്രൊജക്ടുകളുടെ ആധിക്യം**

162 പൊതുമരാമത്ത് പ്രവൃത്തികളാണ് ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്തിരുന്നത്. 162 പ്രവൃത്തികൾക്കായി അടങ്കൽ ചെയ്ത 9,67,76,727/- രൂപയിൽ 73 പ്രൊജക്ടുകൾക്കായി 2,67,36,696/- രൂപ ചെലവഴിക്കുന്നതിന് മാത്രമെ സ്ഥാപനത്തിന് സാധിച്ചിട്ടുള്ളൂ (27.63% മാത്രം). എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭ്യമായ മനുഷ്യശേഷി പരിഗണിക്കാതെയാണ് 162 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ആസൂത്രണം ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പോലും പൂർത്തിയാക്കുവാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ വർക്കിംഗ് ഗ്രൂപ്പിനെ മനുഷ്യശേഷി സംബന്ധിച്ച പരിമിതി ബോധ്യപ്പെടുത്തിയതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഘടകങ്ങൾ പരിഗണിക്കാതെയാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മുൻ വർഷങ്ങളിൽ ആസൂത്രണം ചെയ്തതും ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ 23 പൊതുമരാമത്ത് പദ്ധതികൾ പോലും നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ആസൂത്രണം ചെയ്തതിൽ ഭൂരിഭാഗം പദ്ധതികളും കടലാസിൽ മാത്രമായി ഒതുങ്ങുകയാണ് ഉണ്ടായിട്ടുള്ളത്. പ്രൊജക്ടുകളുടെ ആധിക്യം മൂലം താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

I) ഫയലുകൾ പൂർണ്ണമല്ല - ഫയൽ സൂക്ഷിപ്പിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. ഭൂരിഭാഗം ഫയലുകളിലും കുറിപ്പ് ഫയൽ ലഭ്യമല്ല. ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഡ്രെയിനേജ്, ജല സംരക്ഷണ പ്രവൃത്തികളുടെ കാര്യത്തിൽ ആസ്തി അളവ് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

Ii) ടെണ്ടർ നടപടികളിൽ കാലതാമസം- മാർച്ച് മാസത്തിൽ ഉൾപ്പെടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത മുഴുവൻ പദ്ധതികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനോ എഗ്രിമെന്റിലേർപ്പെടാനോ സാധിച്ചിട്ടില്ല. 15 പദ്ധതികൾക്ക് സാങ്കേതികാനുമതി നേടിയതിന്റെ വിവരം ലഭ്യമല്ല. പട്ടിക കാണുക.

പ്രൊ.നം	പ്രൊജക്ടിന്റെ പേര്
40	വിവിധ കുടിവെള്ള പദ്ധതി പൂർത്തീകരണം-
46	കരിമ്പാക്കണ്ടി പാറ കുടിവെള്ള പദ്ധതി പൂർത്തീകരണം
53	സബ്ബ് സെന്ററുകളുടെ നവീകരണം
59	മാനവീയം നവീകരണ പ്രവർത്തനങ്ങൾ
60	പഞ്ചായത്ത് ഓഫീസ് നവീകരണം
63	ടെയ്ക്ക് എ ബ്രേയ്ക്ക്
66	എം.സി.എഫ്
119	ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം
136	ആസാദ്ദി മാർഗ്ഗ്-ഹൈസ്കൂൾ റോഡ് മെയിന്റനൻസ്
143	കുനിവയൽ-പെരിഞ്ചേരി റോഡ് മെയിന്റനൻസ്
296	പൊതുകിണർ നവീകരണം
333	കുന്നോത്തറമ്മൽ റിഹാൻ അബ്ദുള്ള ഫാത്തിമ സഹറ സ്മാരക കുളം നിർമ്മാണം
361	കന്നിനട അങ്കണവാടി ഇലക്ട്രിഫിക്കേഷൻ പെയിന്റിംഗ്
367	വനിതകൾക്കായുള്ള വർക്ക് ഹബ്ബ്
376	വയോജന കേന്ദ്രം പെയിന്റിംഗ്

റോഡ് കണക്ടിവിറ്റി പദ്ധതിക്ക് (പ്രൊ.നം.270/25.) ഭരണാനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമല്ല.

Iii) ഭാഗികമായ ആസൂത്രണം- ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും മൂലം ആസ്തി നിർമ്മാണം പൂർത്തീകരിക്കാനോ പൊതുസമൂഹത്തിന് അനുഭവവേദ്യമാക്കാനോ സാധിക്കുന്നില്ല. കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നത് മൂലം ആസ്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ദീർഘമായ കാലയളവ് ആവശ്യമായി വരികയും കാലാനുസൃതമായുണ്ടാകുന്ന നിരക്കുകളിലെ വർദ്ധനവ് മൂലം ആസ്തി നിർമ്മാണത്തിന് അധിക ചെലവ് ഉണ്ടാവുകയും ചെയ്യുന്നു. ഉദാ- മത്സ്യമാർക്കറ്റ് നവീകരണം- സ്ഥാപനത്തിൽ ജല ലഭ്യത ഇല്ലാത്തതിനാൽ ആസ്തി നിഷ്ക്രിയമായി തുടരുന്നു, സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രെനേജ് കൾവേർട്ട് നിർമ്മാണം – റോഡ് നിർമ്മാണം ഭാഗികമായി ആസൂത്രണം ചെയ്തതിനാൽ നിർവ്വഹിച്ച ഗ്രാനുലാർ സബ് ബേസ് കാലഹരണപ്പെട്ടു.

3. <u>എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ അപാകത</u>

സൈറ്റ് സംബന്ധിച്ച് മതിയായ പഠനം നടത്താതെയും പരിശോധന നടത്താതെയുമാണ് ഭൂരിഭാഗം എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

I) എസ്റ്റിമേറ്റിൽ അനിവാര്യമല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യ മാർക്കറ്റ് പരിഷ്കരണം പൂർത്തീകരണം എന്ന പ്രവൃത്തി മുഖേന ആസ്തിയിന്മേൽ റീ പെയിന്റിംഗിനായി പുതിയ പെയിന്റിംഗിനുള്ള ഇനം ഉൾപ്പെടുത്തി.

Ii) എസ്റ്റിമേറ്റിൽ ഉയർന്ന നിരക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രെനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25) പ്രവൃത്തിയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്.

Iii) എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ചെക്കികുളം നവീകരണം-പൂർത്തീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ കുളത്തിന് കൈവരിയായി സ്റ്റീൽ വർക് നടത്തുകയും സ്റ്റീലിന്മേൽ പെയിന്റിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. പെയിന്റ് നൽകുന്നതിനായി 13.62.1 എന്ന ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളത്.

പ്രസ്തുത ഇനത്തിൽ പ്രൈമർ ഉൾപ്പെട്ടിട്ടുണ്ട്. മാത്രമല്ല പ്രൈമർ മരത്തിന് നൽകുന്നതിനുള്ളതാണ്. യഥാർത്ഥത്തിൽ നിർവ്വഹിക്കേണ്ടിയിരുന്ന ഇനം 13.61.1 പ്രകാരമുള്ളതാണ്.

<u>സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥന്റെ വീഴ്ചകൾ</u>

എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വെറ്റിംഗ് ഓഫീസർ ഇനങ്ങളുടെ അനിവാര്യത ഉറപ്പാക്കാതെയും ഫലപ്രാപ്തി ഉറപ്പ് വരുത്താതെയുമാണ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നത്. ഉദാ- തുമ്പൂർമുഴി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ റൂഫിംഗ് ഷീറ്റ് .50 Mm ആണ് നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ അനിവാര്യത ഉറപ്പാക്കിയിട്ടില്ല.

4. <u>നിർവ്വഹിക്കാത്ത പ്രവൃത്തികളുടെ അളവ് എം ബുക്കിൽ രേഖപ്പെടുത്തുന്നു</u>

എസ്റ്റിമേറ്റിൽ നിഷ്കർഷിച്ച സ്പെസിഫിക്കേഷനിലോ അളവിലോ നിർവ്വഹിക്കാത്ത പ്രവൃത്തികൾ എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഉദാ- മാനവീയം സാംസ്കാരിക നിലയത്തിന്റെ നിലവിലുള്ള പാർട്ടീഷൻ ഷീറ്റുകൾ (അലൂമിനിയം ചാനലിൽ ഘടിപ്പിച്ചവ) മാറ്റുന്നതിനായി 18 Mm കനമുള്ള Multi Wood Board സ്ഥാപിക്കുന്നതിനായി 50.9.12.1 പ്രകാരമുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിൽ യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത് DAR 21.2.2 പ്രകാരമുള്ളതാണ്.ആയതിൽ തന്നെ ബോർഡിന്റെ കനം സംശയാസ്പദവുമാണ്.

5. <u>ചെക്ക് മെഷർ ചെയ്യുന്നതിൽ ജാഗ്രതയില്ല</u>

തെറ്റായി എം ബുക്കിൽ രേഖപ്പെടുത്തിയ അളവുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് അധികൃതമാക്കിയിട്ടുണ്ട്. ഉദാ-മാനവീയം സാംസ്കാരിക നിലയത്തിന്റെ വരാന്തക്ക് ഷീറ്റിടുന്ന പ്രവൃത്തിയുടെ അളവുകൾ ഉപയോഗിച്ച ഷീറ്റിന്റെ വീതി കണക്കാക്കിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മൂലം ഓവർലാപിംഗ് ഉൾപ്പെടെയുള്ള അളവുകളും എം ബുക്കിൽ ചേർത്ത് തുക നൽകപ്പെട്ടിട്ടുണ്ട്. തെറ്റായി മെഷർ ചെയ്യപ്പെട്ട പ്രസ്തുത അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് അധികൃതമാക്കിയിട്ടുണ്ട്.

6. <u>തെറ്റായ നിരക്കിൽ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കുന്നു</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഷീറ്റ് വിരിക്കുന്നതിനുള്ള പ്രവൃത്തിക്കായി OD306661/2022-2023 നമ്പറായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി വെള്ളൂർക്കര GLP സ്കൂളിൽ 30 ചതുരശ്ര മീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. .35 Mm ഷീറ്റ് വിരിക്കുന്നതിനായി ഷീറ്റിന് ലോക്കൽ മാർക്കറ്റ് നിരക്കായി ചതുരശ്ര മീറ്ററിന് 350/-രൂപ ഉൾപ്പെടുത്തിയാണ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ .50 Mm കനമുള്ള ഷീറ്റുകൾ വിരിക്കുന്നതിനുള്ള 12.50 പ്രകാരമുള്ള ഇനത്തിനെ അടിസ്ഥാനമാക്കിയാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഡാറ്റയിൽ ഹുക്കുകളും വാഷറുകളും അധികമായി നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ 705.83 എന്ന ഉയർന്ന നിരക്കാണ് ഇനത്തിന് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ 51.20 എന്ന ഇനത്തിനെ അടിസ്ഥാനമാക്കിയായിരുന്നു ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.

കേവലം 5 സൈറ്റുകൾ സന്ദർശിച്ചതിൽ നിന്നാണ് റിപ്പോർട്ടിലെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(B)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ധനകാര്യവകുപ്പിന്റെ 19.09.2016-ലെ 78/2016/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6 ൽ സൈറ്റ് സാഹചര്യത്തിനനുസൃതമല്ലാതെ ഉയർന്ന നിരക്കിലുള്ളതും അനിവാര്യമല്ലാത്തതുമായ ഇനങ്ങൾ തെരഞ്ഞെടുക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് ഇനങ്ങൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. അപാകതകൾ മൂലം പൊതുപണം ദുരുപയോഗം ചെയ്യപ്പെടുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന് പുറമെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അപാകതകൾക്ക് ഉത്തരവാദിയാണ്. മേൽ പരാമർശിച്ച അപാകതകൾമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാവുകയും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായും ഫലപ്രദമായും നിർവ്വഹിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾക്കിടയാക്കിയ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) സൈറ്റ് സാഹചര്യം പഠിക്കാതെയും ആസ്തി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാതെയും പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നു. ഇത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റുകൾ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വരികയും പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസമുണ്ടാകുകയും ചെയ്യുന്നു. പ്രവൃത്തികളുടെ ബാഹുല്യം ഇത്തരം പരിശോധനകളും ഉറപ്പാക്കലുകളും അസാധ്യമാക്കുന്നു.

ബി) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ ഭരണസമിതിയിൽ സമഗ്രമായി ചർച്ച ചെയ്യുന്നില്ല ഇത് മൂലം ഭേദഗതി നിർദ്ദേശങ്ങൾ നിർവ്വഹണ പുരോഗതി എന്നിവ ഭരണസമിതിയിൽ സമഗ്രമായി ചർച്ച ചെയ്യപ്പെടാതെ തീരുമാനമെടുക്കുന്ന സാഹചര്യം ഉണ്ടാകുന്നു.

സി) വർക്കിംഗ് ഗ്രൂപ്പ് ഡാറ്റയുടെ അടിസ്ഥാനത്തിലല്ലാതെയും ഭാഗികമായും പ്രൊജക്ടുകൾ തയ്യാറാക്കുന്നു. ഭരണസമിതി അടങ്കൽ തുക പരിമിതപ്പെടുത്തുന്നത് മൂലം അടങ്കൽ തുകക്ക് ആനുപാതികമായി എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുകയും പ്രൊജക്ടുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. തന്മൂലം പ്രൊജക്ടുകൾ പൂർണ്ണമായി നിർവ്വഹിക്കാനാവാതെ ഫണ്ട് നഷ്ടപ്പെടുകയും ചെയ്യുന്നു.

ഡി) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. ഇത് മൂലം പുനരുദ്ധാരണ പ്രവൃത്തികളുടെ മുൻഗണന നിശ്ചയിക്കുന്നതിൽ വീഴ്ചയുണ്ടാകുകയും സമയബന്ധിതമായി പ്രവൃത്തികൾ നിർവ്വഹിക്കാതെ വരികയും മെയിന്റനൻസ് പ്രവൃത്തികൾ അധിക അളവിൽ നിർവ്വഹിക്കേണ്ടി വരികയും ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു.

ഇ) എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ ഇനങ്ങളുടെ അനിവാര്യത ഉറപ്പാക്കുകയോ സാമ്പത്തിക ഔചിത്യം പാലിക്കുകയോ ചെയ്യുന്നില്ല. ഇത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.

എഫ്) അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് മതിയായ പരിശോധനകളില്ലാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകുന്നു. ഇത് മൂലം സാങ്കേതിക അപാകതകൾ ഉണ്ടാകുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നു.

ജി) വർക്കിംഗ് ഗ്രൂപ്പിൽ സാങ്കേതികജ്ഞാനമുള്ള അംഗങ്ങൾ ഇല്ലാത്തത് മൂലം ആസൂത്രണ ഘട്ടത്തിൽ തന്നെ എസ്റ്റിമേറ്റുകൾ സൂക്ഷ്മപരിശോധന നടത്തി തെറ്റുകൾ തിരുത്താനുള്ള സാഹചര്യം ഇല്ലാതാകുന്നു.

എച്ച്) അളവുകൾ രേഖപ്പെടുത്തുന്ന ഓവർസിയർ, ആയത് ഉറപ്പ് വരുത്താൻ ബാധ്യതപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ചുമതലാ നിർവ്വഹത്തിൽ വീഴ്ച വരുത്തുന്നു. ഇത് മൂലം തെറ്റായ അളവിലും ഗുണനിലവാരത്തിലും അളവുകൾ രേഖപ്പെടുത്തി കരാറുകാർക്ക് അധിക തുക നൽകപ്പെടുന്നതിന് കാരണമാകുന്നു.

ഐ) ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ജാഗ്രത പുലർത്താത്തത് മൂലം തെറ്റായ അളവുകൾ അംഗീകരിച്ച് കരാറുകാരന് അധിക തുക നൽകുന്നതിന് കാരണമാകുന്നു.

ജെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കാത്തത് മൂലം കാലതാമസം, നിർവ്വഹണ ഘട്ടത്തിലുണ്ടാകുന്ന വീഴ്ചകൾ എന്നിവ ഒഴിവാക്കാൻ സാധിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

I. വർക്കിംഗ് ഗ്രൂപ്പ് വിവരവ്യൂഹം കാലികമാക്കി അവസ്ഥാരേഖ പരിഷ്കരിക്കേണ്ടതും അവസ്ഥാരേഖയിലെ വെല്ലുവിളികളെ സംബോധന ചെയ്യുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

II. ആസ്തി പുനരുദ്ധാരണ പ്രവൃത്തികൾ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് നിർവ്വഹിക്കേണ്ടതാണ്.

III. ആസ്തി നിർമ്മാണ- പുനരുദ്ധാരണ പദ്ധതികൾക്കായി വാർഡ് തലത്തിൽ ഫണ്ട് വിഭജിക്കാതെ സമഗ്രമായി ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ഫണ്ട് വകയിരുത്തേണ്ടതും ചെറിയ പദ്ധതികളായും ഭാഗികമായും ആസൂത്രണം ചെയ്യുന്ന നടപടി ഒഴിവാക്കി പദ്ധതികളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്.

IV. പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ സാങ്കേതികജ്ഞാനമുള്ള വ്യക്തികളെ ഉൾപ്പെടുത്തേണ്ടതും എസ്റ്റിമേറ്റുകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതുമാണ്. എസ്റ്റിമേറ്റുകൾ റിവൈസ്ഡ് പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 1600 D മാതൃകയിൽ തന്നെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഓരോ പ്രവൃത്തിക്കും ഗുണഭോക്തൃ സമിതികൾ രൂപീകരിക്കേണ്ടതും പ്രവൃത്തികൾ സമിതികളുടെ മോണിറ്ററിംഗിലാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

V. അളവുകൾ കൃത്യമായാണ് രേഖപ്പെടുത്തുന്നതെന്ന് വർക്കിംഗ് ഗ്രൂപ്പ് നിശ്ചിത ശതമാനം സൈറ്റുകൾ നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

VI. ടെണ്ടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഉറപ്പാക്കേണ്ടതാണ്. പ്രവൃത്തികൾ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിർവ്വഹണ കലണ്ടർ തയ്യാറാക്കി നിരീക്ഷിക്കേണ്ടതാണ്.

1-26 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ- പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രൊ.നം, പേര്	കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ (പ്രൊ.നം- 216/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മറ്റുള്ളവ- നഗരസഞ്ചയം
ചെലവ് തുക	399732
എസ്റ്റിമേറ്റ് നമ്പർ	3517/2024
ഓഡിറ്റ് അന്വേഷണ	നം.12/2025 തീയതി. 02.12.2025

കുറിപ്പ്	

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 6 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങി നൽകുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്കോയ്ക്ക് തുക നൽകിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു.

മേൽ പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിലേക്കായി പുതിയ മോട്ടോറുകൾ വാങ്ങിയിട്ടുള്ളത് റെയ്ഡ്കോയുടെ പേരാമ്പ്ര ബ്രാഞ്ചിൽ നിന്നാണ് . ടെണ്ടർ നടപടികൾ മുഖേന സേവനം സമാഹരിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കമ്മീഷൻ മുഖേന സേവനം സമാഹരിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കമ്മീഷൻ നടപടികളെ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. 22.03.2023 തിയ്യതിയിലെ 3/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം 6 കുടിവെള്ള പദ്ധതികൾക്കായി റെയ്ഡ്കോ സമർപ്പിച്ച കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ആകെ തുക 14,59,686/-രൂപയാണ്. വലിയ തുകക്കുള്ള പർച്ചേസ് കമ്മീഷൻ നടപടികളിലൂടെ സമാഹരിച്ചതിന്റെ കാരണം വ്യക്തമല്ല. ഭരണസമിതി തീരുമാന പ്രകാരം കമ്മീഷൻ അംഗീകരിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പുലക്കുന്ന് കുടിവെള്ള പദ്ധതി 2,50,900/-രൂപ
2. മൈലിക്കണ്ടി കുടിവെള്ള പദ്ധതി 2,58,358/-രൂപ
3. കണ്ടനാൽ കുടിവെള്ള പദ്ധതി 2,83,964/-രൂപ
4. മാമ്പയിൽ താഴ കുടിവെള്ള പദ്ധതി 2,62,488/-രൂപ
5. തുമ്പോളിമുക്ക് കുടിവെള്ള പദ്ധതി 1,98,738/-രൂപ
6. കരിമ്പാക്കണ്ടി കുടിവെള്ള പദ്ധതി 2,05,238/-രൂപ

ഓഡിറ്റ് സാമ്പത്തിക വർഷം വരെയും താഴെ പറയും പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുകയും 3,99,732/- രൂപ റെയ്ഡ്കോയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കുടിവെള്ള പദ്ധതിയുടെ പേര്	ഇൻവോയ്സ് നമ്പർ	തീയതി	മോട്ടോറിന്റെ തുക (18% GST ഉൾപ്പെടെ) (₹)	ഇൻസ്റ്റലേഷൻ ചാർജ് തുക (18% GST ഉൾപ്പെടെ) (₹)	മറ്റ് ചാർജുകൾ (18% GST ഉൾപ്പെടെ) (₹)	മൊത്തം തുക (നികുതിക്ക് ശേഷം) (₹)
കണ്ടനാൽ കുടിവെള്ളപദ്ധതി	PRA/535/ 2024-2025	20/02/ 2025	128,030.00	34,102.00	105,387.60	267,520.00
മാമ്പയിൽ താഴ കുടിവെള്ളപദ്ധതി	PBA/458/ 2024-2025	13/01/ 2025	107,616.00	33,040.00	100,844.80	241,499.00
വടക്കേക്കണ്ടി കുടിവെള്ളപദ്ധതി	PBA/450/ 2023-2024	11/12/ 2023	90,978.00	33,630.00	103,935.98	228,160.00

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വടക്കേക്കണ്ടി കുടിവെള്ളപദ്ധതിയുടെ കമ്മീഷൻ നടപടി ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖ ലഭ്യമല്ല.

2) കമ്മീഷൻ അംഗീകരിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ കത്തിൽ കമ്മീഷൻ തീയതിയായി പരാമർശിച്ചിട്ടുള്ളത് 04.03.2023 ആണ്. എന്നാൽ പ്രസ്തുത തീയതിക്ക് മുൻപ് 13.01.2023 തീയതിയിൽ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ AE/LSGD/TVR/2023 നമ്പറായി റെയ്ഡ്കോക്ക് കത്തയച്ചിട്ടുണ്ട്. കമ്മീഷൻ നോട്ടീസ്, കമ്മീഷൻ പരസ്യം, പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളുടെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ കമ്മീഷൻ നടപടികൾ നടന്നിട്ടില്ലെന്നും റെയ്ഡ്കോയെ പ്രവൃത്തി നേരിട്ട് ഏൽപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും രേഖകളുടെ അഭാവത്തിൽ ഓഡിറ്റ് അനുമാനിക്കുന്നു. ആയതിനെ ഖണ്ഡിക്കുന്നതിന് രേഖകൾ വല്ലതും ഹാജരാക്കാനുണ്ടെങ്കിൽ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

3) റെയ്ഡ്കോ വിതരണം ചെയ്തതിൽ റെയ്ഡ്കോയുടേതിന് പുറമെ ഡെക്കാൻ, കമ്പനികളുടെ പമ്പ്സെറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. പമ്പ്സെറ്റുകളുടെ വാറണ്ടി കാർഡ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്. ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള വയറിംഗ്, പ്ലംബിംഗ് പ്രവൃത്തിയുടെ തുക ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവയുടെ കൃത്യത മൂല്യനിർണയം നടത്തി ഉറപ്പാക്കാതെയാണ് ബിൽ തുക അനുവദിച്ച് നൽകിയിട്ടുള്ളത്. മേൽ പദ്ധതികളുടെ പഴയ മോട്ടോറിന്റെ തത്സ്ഥിതി വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുമില്ല.

5) മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത

പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

6) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ക്കോ നിർമ്മിച്ചതല്ല. ഡെക്കാൻ പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) കാർഷിക ഉപകരണങ്ങളും ജലസേചന പമ്പ് സെറ്റുകളും വിതരണം ചെയ്യുന്നതിനുള്ള അംഗീകാരമേ റെയ്ഡ്കോക്ക് ഉള്ളൂ. കുടിവെള്ള പദ്ധതി പ്രകാരമുള്ള ഇലക്ട്രിക്കൽ-പൊതുമരാമത്ത് പ്രവൃത്തികൾ റെയ്ഡ്കോയെ നേരിട്ട് ഏൽപ്പിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ, പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് പർച്ചേസ് ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ നടപടി, മൂല്യനിർണയം , എന്നിവ സംബന്ധിച്ച പരാമർശങ്ങളിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ പ്രവൃത്തികളിലെ ഇനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയർ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-27 ഖനനത്തിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രൊ.നം, പേര്	സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം, ധനകാര്യ കമ്മീഷൻ -ടൈഡ് ഗ്രാന്റ്
ചെലവ് തുക	12,71,091/- ധനക്കാര്യ കമ്മീഷൻ -ടൈഡ് ഗ്രാന്റ്
എസ്റ്റിമേറ്റ് നമ്പർ	6338/2024
ബിൽ നം,തിയ്യതി	408/06.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	05/2025 തി.02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25) പ്രവൃത്തിയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം, ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out, Construction Of Shoring And Bracing, Bailing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി 70 Cm മാത്രം ആഴമുള്ള ഖനനത്തിനായാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലെ ചാപ്റ്റർ മൂന്നിലെ 3.5.1 മുതൽ 3.6 വരെയുള്ള ഇനങ്ങളുടെ നിരക്ക് 52.7/- രൂപ മുതൽ 360.74 വരെ മാത്രമാണ്. മേൽ സാഹചര്യത്തിലാണ് 669.6/- രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. (യഥാർത്ഥ നിരക്കായ 769.56/-രൂപയിൽ നിന്നും പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നിർവ്വഹിച്ചതിനാൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയാണ് 669.6/-രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്) വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊ.നം, പേര്	സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക്	11.1.1.1, 669.6
ഖനന പ്രവൃത്തിയുടെ അളവ്, ആഴം	11.102 Cum , 70 Cm
കരാറുകാരൻ കാട്ട് ചെയ്ത നിരക്ക്	669.6
കരാറുകാരന് അനുവദിച്ച തുക(GST ഉൾപ്പെടെ)	9165 (11.102×669.6×1.18)

3.5.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക (327.95 രൂപ എസ്റ്റിമേറ്റ് നിരക്കിൽ)	4296 (11.102×327.95×1.18)
അധികമായി ചെലവഴിച്ച തുക	4,869/-

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(B)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ധനകാര്യവകുപ്പിന്റെ 19.09.2016-ലെ 78/2016/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6 ൽ സൈറ്റ് സാഹചര്യത്തിനനുസൃതമല്ലാതെ ഉയർന്ന നിരക്കിലുള്ളതും അനിവാര്യമല്ലാത്തതുമായ ഇനങ്ങൾ തെരഞ്ഞെടുക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയത് കാണുക.

1-28 പെയിന്റിംഗിന് അധിക തുക ചെലവഴിച്ചു

പ്രൊ.നം, പേര്	മത്സ്യ മാർക്കറ്റ് പരിഷ്കരണം പൂർത്തീകരണം (പ്രൊ.നം-228/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	2,50,000/-
എസ്റ്റിമേറ്റ് നമ്പർ	139098/2023
ബിൽ നം,തിയ്യതി	വൌച്ചർ നം. 22402543 തിയ്യതി. 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.04/2025 , തിയ്യതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യ മാർക്കറ്റ് പരിഷ്കരണം പൂർത്തീകരണം എന്ന പ്രവൃത്തി മുഖേന ആസ്തിയിന്മേൽ റീ പെയിന്റിംഗ് ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടം നവീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് പുതിയ പെയിന്റിംഗിനുള്ള DAR അദ്ധ്യായം 13 ലെ (FINISHING) 13.60.1, പ്രൈമർ നൽകുന്നതിനുള്ള 13.43.1, DAR അദ്ധ്യായം 14 പ്രകാരമുള്ള (REPAIR TO BUILDINGS) നിലവിലെ പെയിന്റിംഗ് ചുരണ്ടുന്നതിനുള്ള 14.46 , എന്നീ ഇനങ്ങൾ ആണ്. 530.336 ച.മീ വിസ്തൃതിയിലാണ് 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 243.094 ച. മീറ്റർ വിസ്തൃതിയിൽ മാത്രമെ പഴയ പെയിന്റിംഗ് പൂർണ്ണമായും ചുരണ്ടി മാറ്റിയിട്ടുള്ളൂ. 13.43.1 പ്രകാരം 276.573 ച.മീറ്റർ വിസ്തൃതിയിൽ മാത്രമെ പ്രൈമർ അടിച്ചിട്ടുള്ളൂ. മേൽ വസ്തുതകളിൽ നിന്നും പരമാവധി 276.573 ച.മീറ്റർ വിസ്തൃതിയിൽ മാത്രമെ പുതിയ പെയിന്റിംഗ് എന്ന നിലയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നിട്ടുള്ളൂ എന്നത് വ്യക്തമാണ്.

മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. DAR ലെ അധ്യായം 14 ൽ (REPAIR TO BUILDINGS) റിപ്പയർ/റീ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം 14.53.1 ആണ്. ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ എന്നിവ 14.53.1 നെ അപേക്ഷിച്ച 13.60.1 ൽ അധികമാണെന്നത് കാണാം. വിശദാംശം ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയത് കാണുക.

1-29 ഷീറ്റിന് അധിക നിരക്ക് നൽകി

പ്രൊ.നം, പേര്	ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി (പ്രൊ.നം- 244/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ് തുക	2,00,000/-
എസ്റ്റിമേറ്റ് നമ്പർ	3517/2024
ബിൽ നം,തിയ്യതി	151/25.09.2024
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.07/2025 തീയതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഷീറ്റ് വിരിക്കുന്നതിനുള്ള പ്രവൃത്തിക്കായി OD306661/2022-2023 നമ്പറായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി വെള്ളൂർക്കര GLP സ്കൂളിൽ 30 ചതുരശ്ര മീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. .35 Mm ഷീറ്റ് വിരിക്കുന്നതിനായി ഷീറ്റിന് ലോക്കൽ മാർക്കറ്റ് നിരക്കായി ചതുരശ്ര മീറ്ററിന് 350/- രൂപ ഉൾപ്പെടുത്തിയാണ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ .50 Mm കനമുള്ള ഷീറ്റുകൾ വിരിക്കുന്നതിനുള്ള 12.50 പ്രകാരമുള്ള ഇനത്തിനെ അടിസ്ഥാനമാക്കിയാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഡാറ്റയിൽ ഹുക്കുകളും വാഷറുകളും അധികമായി നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ 705.83

എന്ന ഉയർന്ന നിരക്കാണ് ഇനത്തിന് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ 51.20 എന്ന ഇനത്തിനെ അടിസ്ഥാനമാക്കി ഷീറ്റിന് LMR നിരക്ക് നൽകിയായിരുന്നു ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.

0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത് 603.04 രൂപ നിരക്കിലായിരുന്നു. കോഴിക്കോട് ജില്ലയിലെ സാങ്കേതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാതൃകാ ഒബ്സർവ്വ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41 രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269/-രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് 6,265/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ഖണ്ഡിക 3-5 ൽ ഉൾപ്പെടുത്തിയത് കാണുക.

1-30 പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയ കരാറുകാരന് അധിക നിരക്കിൽ ജി.എസ്.ടി നൽകി

പ്രൊ.നം, പേര്	ജി.എൽ.പി സ്കൂൾ വെള്ളൂക്കര കെട്ടിടം, ചുറ്റുമതിൽ നവീകരണം, ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം (പ്രൊ.നം- 232/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ് തുക	145286
എസ്റ്റിമേറ്റ് നമ്പർ	2018/119260
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.29/2025 തിയ്യതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ജി.എൽ.പി സ്കൂൾ വെള്ളൂക്കര കെട്ടിടം, ചുറ്റുമതിൽ നവീകരണം, ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം എന്ന പദ്ധതി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത് 11.03.2020 വർഷത്തിൽ അബ്ദുൾ കരീം.പി, പൊന്നാരത്തുമ്മൽ എന്ന കരാറുകാരനുമായി 66/AE/LSGD/TVR/2019-20 നമ്പറായി അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശിൽപ പ്രസാദ് എന്നവർ കരാർ ചമച്ചിട്ടുള്ളതാണ്. കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. സാങ്കേതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി 6 മാസം ആയിരുന്നു. അതായത് 10.09.2020 തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ (59/2020-21) പേജ് നമ്പർ 1 മുതൽ 11 വരെ 27/05/2020 മുതൽ 03/07/2020 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതും തുടർന്ന് ഒന്നര വർഷത്തിന് ശേഷം പേജ് നമ്പർ 12 മുതൽ 28 വരെ 01/01/2022 മുതൽ 26/02/2022 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതുമായി കാണുന്നു. ശേഷം 6 മാസം കഴിഞ്ഞ് വീണ്ടും പേജ് നമ്പർ 29 മുതൽ 50 വരെ 23/08/2022 മുതൽ 22/09/2022 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതുമായി കാണുന്നു. പ്രസ്തുത അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത് 03/03/2023 ന് മാത്രമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച 04.03.2023 തീയതിയിലെ A1/13-LSGD/TDR നമ്പർ കത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിനെ തുടർന്ന് 04.03.2023 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനോട് പ്രവർത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും കൂടാതെ Time Extension, Supplimentary Agreement എന്നിവ ഹാജരാക്കിയതായി ഫയൽ പരിശോധിച്ചതിൽ ലഭ്യമല്ലായെന്നും ആയതിനാൽ പ്രവർത്തിയുടെ കാലതാമസം സംബന്ധിച്ച വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബിൽ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഴയ തീയതി രേഖപ്പെടുത്തി കരാറുകാരൻ മാപ്പപേക്ഷ സമർപ്പിക്കുകയും 08.12.2021 തീയതി രേഖപ്പെടുത്തി സപ്ളിമെന്ററി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. (കരാർ നമ്പർ 66/2020).എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 20.09.2021 മുതൽ 29.12.2021 വരെയുള്ള കാലയളവിൽ ക്രമ നം 19 ആയി വിരോഷ് എന്നവരുമായി ചമച്ച കരാർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിൽ നിന്നും കരാർ പഴയ തീയതി രേഖപ്പെടുത്തി ചമച്ചതാണെന്നത് വ്യക്തമാണ്.

പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) 2018/119260 നമ്പറായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി ഇല്ലാത്തതിനാൽ തന്നെ 38.24 എന്ന ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കാണ് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ളത്. 27.01.2020 തീയതിയിൽ മാത്രം ഭരണാനുമതി ലഭിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് ജി.എസ്.ടി ഇല്ലാതെയും ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്ക് നൽകി തയ്യാറാക്കിയതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

ബി) 6 മാസത്തെ മാത്രം നിർവ്വഹണ കാലാവധി ഉണ്ടായിരുന്ന പദ്ധതി മുഖേന പരമാവധി നീട്ടി നൽകാവുന്ന സമയപരിധി 3 മാസം മാത്രമാണ്. 31.07.2021 വരെയുള്ള കോവിഡ് കാലത്തെ ഇളവുകൾ

പരിഗണിച്ചാൽ പോലും കരാറുകാരന് 19.04.2023 വരെ പിഴയില്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) 16,930/- രൂപ കരാറുകാരനിൽ നിന്നും പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. ആയത് ഈടാക്കിയത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഡി) എസ്റ്റിമേറ്റ് ഡിഎസ്.ആർ 2016 അടിസ്ഥാനപ്പെടുത്തി 38.24 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ളതും 2020 വർഷത്തിൽ കരാർ ചമക്കപ്പെട്ടതുമാണ്. കരാറുകാർക്ക് 12 ശതമാനം ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച് ഉത്തരവായ സാഹചര്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 32.04 ശതമാനമായി കുറവ് വരുത്തിയിരുന്നു. ഇതിൽ നിന്നും 38.24 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ നിരക്കുകളിൽ നികുതി ബാധ്യതകളും ഉൾപ്പെട്ടിരുന്നു എന്നത് വ്യക്തമാണ്. 01.11.2017 തീയതിയിലെ സ.ഉ(ആർ.ടി) 87/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കരാറുകാരന് 5% ജി.എസ്.ടി കോമ്പൻസേഷനുള്ള അർഹതയെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ബില്ലുകളിൽ 18% ജി.എസ്.ടി അനുവദിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം	അനുവദിച്ച ജി.എസ്.ടി	അനുവദിക്കേണ്ടിയിരുന്നത്	അധികമായി അനുവദിച്ചത്
564326.04	101578.68	28216.3	73362

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുകയായ 90292 രൂപയിൽ 73362 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 16,930/-രൂപ തനത് ഫണ്ടിലേക്കും അടവാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-6 കാണുക.

1-31 മതിയായ ജി എസ് ടി ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 2/25

പ്രോജക്ട് : അങ്കണവാടി അനുപൂരക പോഷകാഹാരം

മേൽ പ്രൊജക്ടുകളിലായി ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് 1,083,598/-രൂപ സംപൂർണ,ചെമ്മരത്തൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2017ലെ CGST/SGST നിയമം സെക്ഷൻ 51(1) പ്രകാരം 2.5ലക്ഷത്തിനു മുകളിലുള്ള പർച്ചേസ് നടത്തുമ്പോൾ ജി എസ് ടി കുറച്ചിട്ടുള്ള തുകയുടെ 2% ജി എസ് ടി ആയി സ്രോതസ്സിൽ നിന്നും കുറവുവരുത്തി അടവാക്കേണ്ടതാണ്. സംപൂർണ,ചെമ്മരത്തൂർ എന്ന സ്ഥാപനത്തിന് നൽകിയ 1,083,598/-രൂപയിൽ 54,180/-രൂപ ജി എസ് ടി കുറച്ചിട്ടുള്ള 1,029,418/-രൂപയുടെ 2% ആയ 20,588/-രൂപ ജി എസ് ടി ആയി ഈടാക്കേണ്ടതായിരുന്നെങ്കിലും 7,024/-രൂപ മാത്രമാണ് ജി എസ് ടി ടി.ഡി.എസ് ആയി ഈടാക്കിയത്. ജി എസ് ടി കുറവായി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് സംപൂർണ, ചെമ്മരത്തൂർ എന്ന സ്ഥാപനത്തിന് തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് നൽകിയ 1,083,598/-രൂപയ്ക്കുള്ള ജി എസ് ടി സംപൂർണ, ചെമ്മരത്തൂർ എന്ന സ്ഥാപനം അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 18/2024-25)

1-32 അങ്കണവാടി കെട്ടിടത്തിന് അനുവദിച്ച സ്ഥലം രജിസ്റ്റർ ചെയ്തില്ല

04-01-2025ലെ സ്ത്രീകളുടെയും കുട്ടികളുടേയും വികസനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ "തിരുവള്ളൂർ പഞ്ചായത്തിലെ കെട്ടിടത്തിന് അനുവദിച്ച അങ്കണവാടി സ്ഥലങ്ങൾ പഞ്ചായത്തിലേക്ക് രജിസ്റ്റർ ചെയതിട്ടില്ല"എന്ന് പറയുന്നുണ്ട്. ഏതൊക്കെ അങ്കണവാടികളുടെ ഭൂമിയാണ് രജിസ്റ്റർ ചെയ്യാതെയിരിക്കുന്നതെന്നും രജിസ്റ്റർ ചെയ്യാതെയിരിക്കുന്നതിനുള്ള കാരണവും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 20/2024-25) ലഭ്യമാക്കിയ മറുപടിയിൽ 35 അങ്കണവാടികളിൽ 7 അങ്കണവാടികളുടെ ഭൂമി മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂവെന്നും പുതിയ ഭരണസമിതി നിലവിൽ വന്നാലുടൻ രജിസ്റ്റർ ചെയ്യാൻ ബാക്കിയുള്ള അങ്കണവാടികളുടെ ഭൂമി കൂടി രജിസ്റ്റർ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള അങ്കണവാടികളുടെ ഭൂമി കൂടി രജിസ്റ്റർ ചെയ്ത് അറിയിക്കേണ്ടതാണ്.

1-33 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2024-25 വർഷത്തിൽ അനുപൂരക പോഷകാഹാരം വിതരണത്തിനായി രണ്ടു പദ്ധതികളിലായി 4,657,582/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2024-25 കാലഘട്ടത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പിൽ പ്രൊജക്ട് മോണിട്ടറിംഗ് സംബന്ധിച്ച ചർച്ചകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)84/2022/ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് 14.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 14.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 8.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി തല മോണിട്ടറിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മറ്റി, മാതൃസമിതി ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ മുഖേന ഉറപ്പുവരുത്തേണ്ടതായിരുന്നു.

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.22/2024-25) നൽകിയ മറുപടിയിൽ മോണിട്ടറിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ എ),ബി),സി) എന്നീ ഖണ്ഡികയിൽ പരാമർശിച്ച നടപടി ക്രമങ്ങളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-34 കിടാരി വിതരണം : അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ : 75/25

പ്രോജക്ട് : കിടാരി വിതരണം

2024-25 വർഷത്തിൽ കിടാരി വിതരണം എന്ന പദ്ധതിയിലായി 64 ഗുണഭോക്താക്കൾക്ക് 8,000/-രൂപ നിരക്കിൽ സബ്സിഡിയായി ആകെ 520,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) ജി.ഒ(എം.എസ്)115/2022/ത.സ്വ.ഭ.വ തി.28-05-2022 2.15(3)(Ii) പ്രകാരം മൃഗ സംരക്ഷണ മേഖലയിൽ ആനുകൂല്യം നൽകാനുള്ള വരുമാന പരിധി അഞ്ചു ലക്ഷം രൂപയാണ്. മേൽ ഉത്തരവ് 2.16(3)(I) പ്രകാരം അഗതി/ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ,(Ii)പ്രകാരം അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. 10,000/- രൂപവരെയുള്ള സബ്സിഡിക്ക് മേൽ ഉത്തരവ് 2.16(1) (I) പ്രകാരം റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രമോ അല്ലെങ്കിൽ (Ii) പ്രകാരം രണ്ടു വർഷത്തിനുള്ളിൽ വാങ്ങിയ വരുമാന സർട്ടിഫിക്കറ്റോ ആവശ്യമാണ്. എന്നാൽ ഇവിടെ 64 ഗുണഭോക്താക്കളുടേയും കാര്യത്തിൽ റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രമോ അല്ലെങ്കിൽ രണ്ടു വർഷത്തിനുള്ളിൽ വാങ്ങിയ വരുമാന സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. വരുമാനപരിധി സംബന്ധിച്ച് സംശയകരമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ പോലും വരുമാനം സംബന്ധിച്ച മേൽ രേഖകളിലൊന്നും ഫയലിലില്ല.ഉദാഹരണം ചുവടെ.

ക്രമ.നം.	ഗുണഭോക്താവ്	കാരണം
1	അനിലാ ഭായ്	ഗുണഭോക്താവ് കച്ചവടം, ഭർത്താവ് ഗവ.ജീവനം
2	ഷംസീറ തരിയോട്	ഭർത്താവ് പ്രവാസി
3	മൈമൂനത്ത് വാപ്രാം കണ്ടി	ഭർത്താവ് പ്രവാസി

ബി) ഉഷ കക്കാട്ടു കുന്നുമ്മൽ(വാർഡ് 4)എന്ന ഗുണഭോക്താവ് തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരിയാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും അപക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

സി) പ്രൊജക്ട് നടപ്പിലാക്കുമ്പോൾ,ജി.ഒ(എം.എസ്)84/2022/ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21/2024-25) മറുപടി നൽകിയിട്ടില്ല.

1-35 ജൽ ജീവൻ- പദ്ധതി വിഹിതം വകയിരുത്തിയില്ല

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പുനക്രമീകരിച്ച് 2024 ആകുമ്പോഴേക്കും ഓരോ ഗ്രാമീണ കുടുംബത്തിനും പ്രതിദിനം 55 ലീറ്റർ ശുദ്ധ ജലം നൽകുക എന്ന ലക്ഷ്യത്തോടെ, 2019-ൽ ജൽ ജീവൻ മിഷന്റെ കീഴിൽ ആരംഭിച്ച ഒരു പദ്ധതിയാണു ഹർ ഘർ ജൽ (എല്ലാ വീടുകളിലേക്കും വെള്ളം). പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരും മറ്റ സംസ്ഥാന സർക്കാരുകളും തമ്മിൽ 50:50 എന്ന അനുപാതത്തിലാണ് പങ്കിടുന്നത്. സംസ്ഥാന വിഹിതത്തിൽ ആകെ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാറും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്.

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ സ്ഥിതി സംബന്ധിച്ച് ജൽജീവൻ മിഷന്റെ Www.Kwa.Kerala.Gov.In എന്ന

വെബ്സൈറ്റിൽ (25.11.25 ലെ സ്ഥിതി) ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കും വിധമാണ്.

ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം	8700		
ഭരണാനുമതി തുക	10153.05 ലക്ഷം		
ആകെ ഗ്രാമീണ വീടുകൾ	8739		
ജൽജീവനു മുമ്പുണ്ടായിരുന്ന കണക്ഷൻ(1.4.20 നു മുമ്പ്)	39		
ജൽജീവൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	0	2020-21	0
		2021-22	0
		2022-23	0
		2023-24	0
		2024-25	0

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, കോട്ടൂർ സോഷ്യൽ വെൽഫെയർ സൊസൈറ്റി എന്നിവരുമായി ചേർന്ന് 16.10.2021 തീയ്യതിയിൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമല്ല. 8,700/- വീടുകളിൽ കണക്ഷൻ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും നാളിതുവരെയും ഒരു കണക്ഷൻ നൽകുന്നതിന് പോലും സാധിച്ചിട്ടില്ല. 101.53 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ 15% ആയ 15.23 കോടി രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും 10.15 കോടി രൂപ ഗുണഭോക്തൃ വിഹിതമായും കൈമാറേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തുകയോ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം നിശ്ചയിച്ച തീരുമാനമെടുക്കുകയും ചെയ്തിട്ടില്ല. 19.04.2022 തീയ്യതിയിലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ **15%** വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളിന്മേൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. പദ്ധതിയുടെ ബാധ്യതാതുക കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന് നാളിതുവരെയും സാധിച്ചിട്ടില്ല.

1-36 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മാർഗരേഖയുടെ നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
3	G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies)
4	G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies)
5	Circular No. FM3/138/2023/LSGD Dated 23.05.2023
6	G.O(Rt) No. 1625/2023/LSGD Dated 09.08.2023

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്കീം & പ്രൊജക്റ്റ്	21-22	22-23	23-24	24-25	ആകെ	ആകെ ചെല വഴിച്ച തുക	നീക്കി യിരിപ്പ്
1	(Scheme-2) - നിർമ്മാണ പ്രവർത്തികൾ	-	-	-	-	-	-	-
2	(Scheme-3) - ഡയഗ്നോസ്റ്റിക്	4,16,616	11,11,000	-	0	15,27,616	15,27,182	434
3	(Scheme-4) -ഹെൽത്ത് & വെൽനെസ്	2,43,883	4,54,000	7,22,000	0	14,19,883	7,07,087	7,12,796
	ആകെ	**6,60,499**	**15,65,000**	**7,22,000**	**0**	**29,47,499**	**22,34,269**	**7,13,230**

സ്കീം 1,3,4 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയത പദ്ധതികളുടെ നിലവിലെ വിവരം ചുവടെ കൊടുക്കുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം- നടപ്പിലാക്കിയ പദ്ധതികൾ

ക്രമ നം	വർഷം	പ്രോജ.നം.	പദ്ധതി	അടങ്കൽ തുക ₹	ചെലവ് തുക ₹
-	-	-	-	-	-

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പിലാക്കിയ പദ്ധതികൾ

ക്രമ നം	വർഷം	പ്രോജ.നം.	പദ്ധതി	അടങ്കൽ തുക ₹	ചെലവ് തുക ₹
1	2021-22	(179/22)	സബ് സെന്ററുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	4,16,616	4,16,611
2	2022-23	(229/23)	സബ് സെന്ററുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	11,11,000	11,10,571

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ

ക്രമ നം	വർഷം	പ്രോജ.നം	പദ്ധതി	അടങ്കൽ തുക ₹	ചെലവ് തുക ₹
1	2021-22	(223/24)	ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ	2,43,883	2,43,337
2	2022-23	(314/23)	ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ	4,54,000	4,54,000
5	2023-24	(392/25)	ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ – എഫ് എച്ച് സി എച്ച് ഡബ്ല്യൂ സി	7,22,000	9750

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ ഉൾപ്പടെ 11,70,804/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി യൂണിയൻ ബാങ്കിന്റെ വടകര ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ഇനം	അക്കൗണ്ട് നം.
സ്കീം-1 കെട്ടിടങ്ങൾ നിർമ്മിക്കുവാൻ	-
സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	009722010000585
സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	009722010000586

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് . PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് ടി നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മാനവീയം സാംസ്കാരിക നിലയം- അധിക തുക അനുവദിച്ചു

പ്രൊ.നം, പേര്	മാനവീയം നവീകരണം (പ്രൊ.നം- 239/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	1,55,856/-
എസ്റ്റിമേറ്റ് നമ്പർ	81861/2023
ബിൽ നം, തീയതി	ചെക്ക് നം. 2544 തീയതി. 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.08/2025 , തീയതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ മാനവീയം നവീകരണം എന്ന പദ്ധതി പ്രകാരം മാനവീയം സാംസ്കാരിക കേന്ദ്രത്തിന്റെ വരാന്തക്ക് ഷീറ്റ് ഇടുന്നതിനും കേടായ പാർട്ടീഷൻ ബോർഡുകൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും പ്രവൃത്തി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) ഷീറ്റ് വിരിക്കുന്നതിന് ഉയർന്ന നിരക്ക് നൽകി

എസ്റ്റിമേറ്റ് പ്രകാരം 0.35 Mm ഷീറ്റ് വിരിക്കുന്നതിന് OD140182/2023-2024 നമ്പറായി 677.56/- രൂപ നിരക്കിലാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. 680/- രൂപ നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. G.I Limpet Washer , Galvanised Steel Bolts & Nuts 6 Mm Dia And 25 Mm Long Round Head With Slots എന്നിവ ഉൾപ്പെടെയുള്ളവ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയതിനാലാണ് ഉയർന്ന നിരക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ 51.20 എന്ന ഇനത്തിനെ അടിസ്ഥാനമാക്കിയായിരുന്നു ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്. 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത് 603.04/- രൂപ നിരക്കിലായിരുന്നു. കോഴിക്കോട് ജില്ലയിലെ സാങ്കേതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാതൃകാ ഒബ്സർവ്വ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41/- രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി OD പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്	കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ)	603.04 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക.	പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം
13.2 Sqm	10592	13.2x603.04+18% GST=9393	1199

ബി) പാർട്ടിക്കിൾ ബോർഡിന് അധിക തുക നൽകി

സാംസ്കാരിക നിലയത്തിന്റെ നിലവിലുള്ള പാർട്ടീഷൻ ഷീറ്റുകൾ (അലൂമിനിയം ചാനലിൽ ഘടിപ്പിച്ചവ) മാറ്റുന്നതിനായി 18 Mm കനമുള്ള Multi Wood Board സ്ഥാപിക്കുന്നതിനായി 50.9.12.1 പ്രകാരമുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനം ഷെൽഫുകൾ നിർമ്മിക്കാനുള്ളതാണ്. അലൂമിനിയം പാനലുകൾക്കിടയിൽ പാർടീഷൻ ബോർഡുകൾ ഉൾപ്പെടുത്തുന്നതിന് യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്ന ഇനം പ്രൈസ് DAR 21.2.2 പ്രകാരമുള്ളതാണ്. ആയതിൽ 12 Mm Prelaminated Particle Board ആണ് ഉപയോഗിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ സാമ്പിളുകൾ പരിശോധിച്ചതിൽ ആയത് 12 Mm ഷീറ്റ് ആണെങ്കിലും 29.11.2025 തിയ്യതിയിലെ സ്ഥല പരിശോധനയിൽ 12 Mm നേക്കാൾ കുറഞ്ഞ കനമാണ് ഷീറ്റിനുള്ളതെന്ന് ബോധ്യപ്പെട്ടെങ്കിലും സ്ക്രൂ ഗേജിന്റെ അഭാവത്തിൽ കനം ഭൗതിക പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഷീറ്റിന്റെ കനം 12 Mm ആണെന്നത് അംഗീകരിച്ചാൽ പോലും താഴെ പറയും പ്രകാരമുള്ള നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

50.9.12.1 പ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ പ്രവൃത്തിയുടെ അളവ്	കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ) 2450 രൂപ കരാർ നിരക്കിൽ	1240.03 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക.	പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം
8.003 Sqm	23137	8.003 X1240.03+18% GST=11710	11427

മേൽ അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 12,626/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ടം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ, അളവുകൾ പരിശോധിച്ച് കൃത്യത സാക്ഷ്യപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

3-2 ചെക്കികുളം - പ്രൈമറിന് അധിക തുക അനുവദിച്ചു

പ്രൊ.നം, പേര്	ചെക്കിക്കുളം നവീകരണം പൂർത്തീകരണം (പ്രൊ.നം- 265/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	1,29,814/-
എസ്റ്റിമേറ്റ് നമ്പർ	139099/2023
ബിൽ നം, തീയതി	ചെക്ക് നം. 2543 തീയതി 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.09/2025 തീയതി 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ചെക്കികുളം നവീകരണം-പൂർത്തീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ കുളത്തിന് കൈവരിയായി സ്റ്റീൽ വർക് നടത്തുകയും സ്റ്റീലിന്മേൽ പെയിന്റിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. 10.1 പ്രകാരമുള്ള സ്റ്റീൽ വർക്കിന്റെ ഡാറ്റയിൽ സ്റ്റീലിന് പ്രൈമർ നൽകുന്നതിനുള്ള 13.50.3 പ്രകാരമുള്ള ഇനം സബ് ഡാറ്റയായി ഉൾപ്പെട്ടിട്ടുണ്ട്. കൈവരിയിലെ സ്റ്റീലിന് പെയിന്റ് നൽകുന്നതിനായി 13.62.1 എന്ന ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ പ്രൈമർ ഉൾപ്പെട്ടിട്ടുണ്ട്. മാത്രമല്ല പ്രൈമർ മരത്തിന് നൽകുന്നതിനുള്ളതാണ്. യഥാർത്ഥത്തിൽ നിർവ്വഹിക്കേണ്ടിയിരുന്ന ഇനം 13.61.1 പ്രകാരമുള്ളതാണ്. ആയതിന്റെ എസ്റ്റിമേറ്റ് നിരക്ക് 143.94/-രൂപ മാത്രമാണ്. ഉയർന്ന നിരക്കുള്ളതും തെറ്റായതുമായ 13.62.1 എന്ന ഇനം നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

13.62.1 പ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ പ്രവൃത്തിയുടെ അളവ്	**കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ) 229.79/-രൂപ കരാർ നിരക്കിൽ**	**143.94 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക.**	**പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം**
18.92 Sqm	5130	18.92 X143.94 +18% GST=3214	1916

നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ, എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

3-3 ഖനനത്തിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രൊ.നം, പേര്	സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം,ധനകാര്യ കമ്മീഷൻ -ടൈഡ് ഗ്രാന്റ്
ചെലവ് തുക	12,71,091/- ധനക്ലാര്യ കമ്മീഷൻ -ടൈഡ് ഗ്രാന്റ്
എസ്റ്റിമേറ്റ് നമ്പർ	6338/2024
ബിൽ നം.തിയ്യതി	408/06.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	05/2025 തി.02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25) പ്രവൃത്തിയുടെ ഭാഗമായുള്ള മണ്ണ് ഖനന പ്രവർത്തികൾക്ക് സൈറ്റ് സാഹചര്യം , ഖനനത്തിന്റെ ആഴം എന്നിവ പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള 11.1.1.1 എന്ന ഇനം ഉപയോഗപ്പെടുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. Setting Out, Construction Of Shoring And Bracing, Bailing എന്നിവ അനിവാര്യമാകുന്ന സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന പ്രസ്തുത ഇനം പരമാവധി 70 Cm മാത്രം ആഴമുള്ള ഖനനത്തിനായാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിലെ ചാപ്റ്റർ മൂന്നിലെ 3.5.1 മുതൽ 3.6 വരെയുള്ള

ഇനങ്ങളുടെ നിരക്ക് 52.7 രൂപ മുതൽ 360.74 വരെ മാത്രമാണ്. മേൽ സാഹചര്യത്തിലാണ് 669.6 രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. (യഥാർത്ഥ നിരക്കായ 769.56 രൂപയിൽ നിന്നും പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നിർവ്വഹിച്ചതിനാൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയാണ് 669.6 രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്) വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊ.നം, പേര്	സായ് സ്കൂയർ കപ്പള്ളി റോഡ് ഡ്രൈനേജ് കൾവേർട്ട് നിർമ്മാണം (പ്രൊ.നം- 206/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി പ്രകാരം ഖനന പ്രവൃത്തികൾക്ക് ഉപയോഗിച്ച ഇനം, നിരക്ക്	11.1.1.1, 669.6
ഖനന പ്രവൃത്തിയുടെ അളവ്, ആഴം	11.102 Cum , 70 Cm
കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്	669.6
കരാറുകാരന് അനുവദിച്ച തുക(GST ഉൾപ്പെടെ)	9165 (11.102×669.6×1.18)
3.5.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക.(327.95 രൂപ എസ്റ്റിമേറ്റ് നിരക്കിൽ)	4296 (11.102×327.95×1.18)
അധികമായി ചെലവഴിച്ച തുക	4869

താഴെ പറയുന്ന കാരണങ്ങളാൽ 11.1.1.1 പ്രകാരമുള്ള പ്രവൃത്തി സൈറ്റിൽ അനിവാര്യമല്ലായിരുന്നു എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

എ) കലുങ്ക് നിർമ്മിക്കുന്നതിനായാണ് 6.1 മീറ്റർ നീളത്തിലും 2.6 മീറ്റർ വീതിയിലും 70 സെന്റി മീറ്റർ ആഴത്തിലും 11.1.1.1 പ്രകാരം ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. നിലവിലുള്ള റോഡിന് കുറുകെയാണ് ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗത്തെ മണ്ണ് റോഡായതിനാൽ ഉറച്ച നിലയിലാണുണ്ടാവുക. പ്രസ്തുത ചെയിനേജിൽ Setting Out, Construction Of Shoring And Bracing, Draining എന്നിവ ആവശ്യമില്ലായിരുന്നുവെന്ന് വ്യക്തമാണ്.

ബി) പദ്ധതി പ്രകാരം കലുങ്കിനോട് ചേർന്ന് റോഡിന്റെ വശത്തായി 3.5.1 പ്രകാരം ഓട നിർമ്മിക്കുന്നതിനായി 1.3 മീറ്റർ വരെ ആഴത്തിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. കലുങ്കിനേക്കാൾ ആഴത്തിൽ ഖനന പ്രവൃത്തി നിർവ്വഹിച്ച സാഹചര്യത്തിലും 3.5.1 പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന വസ്തുതയിൽ നിന്നും കലുങ്കിന്റെ ഖനനത്തിന് 11.1.1.1 പ്രകാരമുള്ള ഇനം ആവശ്യമില്ലായിരുന്നു എന്ന് വ്യക്തമാകുന്നു.

MorD ലെ 305.1 ലാണ് 11.1.1.1 ന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടുള്ളത്. സ്ട്രക്ചറുകളുടെ നിർമ്മാണത്തിനായാണ് പ്രസ്തുത ഇനം ഉപയോഗപ്പെടുത്തുന്നത്. 305.3.2 പ്രകാരമുള്ള വിവരണങ്ങളിൽ നിന്നും ഫൂടിംഗ് ഫൌണ്ടേഷൻ പോലുള്ള പ്രവൃത്തികളുടെ ഖനനത്തിനായാണ് പ്രസ്തുത ഇനം ഉപയോഗിക്കേണ്ടതെന്ന് വ്യക്തമാകും. മേൽ പദ്ധതി പ്രകാരം 70 Cm ആഴത്തിൽ മാത്രമാണ് ഖനനം നടത്തിയത്. 70 Cm മാത്രം ആഴമുള്ള ഖനനത്തിന് Setting Out, Construction Of Shoring And Bracing, Draining എന്നിവ ആവശ്യമില്ലായിരുന്നെന്നും നിർവ്വഹിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു. 3.5.1 ന് പകരം ഫൗണ്ടേഷനുള്ള 11.1.1.1 തെരഞ്ഞെടുക്കുകയും പ്രസ്തുത നിരക്കിൽ പ്രവർത്തി നിർവ്വഹിക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതകൾ മൂലം 4,869/- രൂപയുടെ അധിക ചെലവാണ് പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(B)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ധനകാര്യവകുപ്പിന്റെ 19.09.2016-ലെ 78/2016/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6 ൽ സൈറ്റ് സാഹചര്യത്തിനനുസൃതമല്ലാതെ ഉയർന്ന നിരക്കിലുള്ളതും അനിവാര്യമല്ലാത്തതുമായ ഇനങ്ങൾ തെരഞ്ഞെടുക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ പ്രവൃത്തി സൈറ്റിൽ അനിവാര്യമായിരുന്നു എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. താരതമ്യേന ഇളകിയ മണ്ണ് ഉണ്ടാകാനിടയുള്ള റോഡ് ഷോൾഡറുകളിൽ 3.5.1 പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും 11.1.1.1 പ്രകാരമുള്ള ഖനനത്തിനേക്കാൾ ആഴത്തിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചിരുന്നു എന്നുമുള്ള വസ്തുതകൾ പരിഗണിക്കുമ്പോൾ മറുപടി വസ്തുതാ പരമല്ലെന്നത് വ്യക്തമാകുന്നു. 11.102 ഘന മീറ്റർ വ്യാപ്തിയുള്ള മണ്ണ് ഖനന പ്രവൃത്തി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് നിർവ്വഹിക്കാതെ മാനവൽ രീതിയിലുള്ളതും ഉയർന്ന നിരക്കുള്ളതുമായ ഇനം ഉൾപ്പെടുത്തി നിർവ്വഹിച്ചതിന്റെ കാരണം എസ്റ്റിമേറ്റ്

റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടതുക അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് അംഗീകാരം നൽകി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3-4 പെയിന്റിംഗിന് അധിക തുക ചെലവഴിച്ചു

പ്രൊ.നം, പേര്	മത്സ്യ മാർക്കറ്റ് പരിഷ്കരണം പൂർത്തീകരണം (പ്രൊ.നം- 228/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക	2,50,000/-
എസ്റ്റിമേറ്റ് നമ്പർ	139098/2023
ബിൽ നം,തിയ്യതി	വൗച്ചർ നം. 22402543 തീയതി. 26.03.2025
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.04/2025 , തീയതി 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യ മാർക്കറ്റ് പരിഷ്കരണം പൂർത്തീകരണം എന്ന പ്രവൃത്തി മുഖേന ആസ്തിയിന്മേൽ റീ പെയിന്റിംഗ് അസൂത്രണം ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടം നവീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത പുതിയ പെയിന്റിംഗിനുള്ള DAR അദ്ധ്യായം 13 ലെ (FINISHING) 13.60.1, പ്രൈമർ നൽകുന്നതിനുള്ള 13.43.1, DAR അദ്ധ്യായം 14 പ്രകാരമുള്ള (REPAIR TO BUILDINGS) നിലവിലെ പെയിന്റിംഗ് ചുരണ്ടുന്നതിനുള്ള 14.46 , എന്നീ ഇനങ്ങൾ ആണ്. 530.336 ച.മീ വിസ്തൃതിയിലാണ് 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 243.094 ച. മീറ്റർ വിസ്തൃതിയിൽ മാത്രമെ പഴയ പെയിന്റിംഗ് പൂർണ്ണമായും ചുരണ്ടി മാറ്റിയിട്ടുള്ളൂ. 13.43.1 പ്രകാരം 276.573 ച.മീറ്റർ വിസ്തൃതിയിൽ മാത്രമെ പ്രൈമർ അടിച്ചിട്ടുള്ളൂ. മേൽ വസ്തുതകളിൽ നിന്നും പരമാവധി 276.573 ച.മീറ്റർ വിസ്തൃതിയിൽ മാത്രമെ പുതിയ പെയിന്റിംഗ് എന്ന നിലയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നിട്ടുള്ളൂ എന്നത് വ്യക്തമാണ്.

മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. DAR ലെ അദ്ധ്യായം 14 ൽ (REPAIR TO BUILDINGS) റിപ്പയർ/റീ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം 14.53.1 ആണ്. ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ എന്നിവ 14.53.1 നെ അപേക്ഷിച്ച 13.60.1 ൽ അധികമാണെന്നത് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	നിരക്ക്	13.60.1 പ്രകാരമുള്ള അളവ് (10 Sqm)	14.53.1 പ്രകാരമുള്ള അളവ് (10 Sqm)	14.53.1 നെ അപേക്ഷിച്ച് 13.60.1ലെ വ്യത്യാസം
Plastic Emulsion Paint (M 0835),	200	1.21 Ltr	0.73	0.48 അധികം
Painter (L0131)	679	.54 Day	.36 Day	0.18 അധികം
Coolie (L 0115)	558	.54 Day	.36 Day	0.18 അധികം
Sundries-Materials For Filling In Holes And Cracks (Putty Etc.) T 9999 L.S	2	6.76	.52	6.24അധികം
Sundries Brushes, Sand Paper Etc. T 9999 L.S	2	10.79	8.06	2.73 അധികം
Sundries T 9999 L.S	2	6.76	6.76	0
Carriage C 9977	2	1.43	5.33	3.9 കുറവ്

കാരേജ് ഒഴികെയുള്ള ഇനങ്ങൾ 14.53.1 നെ അപേക്ഷിച്ച് 13.60.1ൽ അധികമാണെന്ന് കാണാം. ചുരണ്ടിയ ശേഷം പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച വിസ്തീർണ്ണത്തിൽ 13.60.1 ആസൂത്രണം ചെയ്ത നിർവ്വഹിച്ചത് പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പെയിന്റിംഗിന് മുകളിൽ 13.60.1 പ്രകാരം 253.76 ച.മീ വിസ്തൃതിയിൽ (530.33-276.57) പെയിന്റിംഗ് നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും

പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

13.60.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, അനുവദിച്ച തുക (കരാർ തുക 167)	14.53.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ (@100.27 രൂപ എസ്റ്റിമേറ്റ് നിരക്കിൽ)	വ്യത്യാസം
253.76 Sqm (530.33-276.57)X 167+18% GST = 50006	**253.76 Sqm X 100.27+18% GST = 30024**	**19992**

(മേൽ പരാമർശിച്ച രണ്ട് സ്പെസിഫിക്കേഷനുകളും നിലവിൽ പ്രൈസിൽ നിന്നും ഒഴിവാക്കിയ നിലയിലാണുള്ളത്)

മേൽ പട്ടിക പ്രകാരം പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ ചുമരുകൾ പൂർണ്ണമായും പൂപ്പൽ പിടിച്ച് നിലയിലായിരുന്നുവെന്നും ചുമരുകൾ പൂർണ്ണമായി ചുരണ്ടിയ ശേഷമാണ് പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ചത് എന്നുമാണ്. പ്രസ്തുത പ്രവൃത്തി പൂർണ്ണമായി നിർവ്വഹിച്ചുവെങ്കിലും എം ബുക്കിൽ രേഖപ്പെടുത്തുകയോ കരാറുകാരന് തുക നൽകുകയോ ചെയ്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് സാഹചര്യം സംബന്ധിച്ച വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടാത്തതിനാലും രേഖകൾ ലഭ്യമല്ലാത്തതിനാലും മറുപടി പരിഗണനീയമല്ല. തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ അളവുകൾ പരിശോധിച്ച ബിൽ തുക ആധികാരികമാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടതുക തുല്യമായി ഈടാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3-5 ഷീറ്റിന് അധിക നിരക്ക് നൽകി

പ്രൊ.നം, പേര്	ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി (പ്രൊ.നം- 244/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ് തുക	2,00,000/-
എസ്റ്റിമേറ്റ് നമ്പർ	3517/2024
ബിൽ നം,തിയ്യതി	151/25.09.2024
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.07/2025 തീയതി 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഷീറ്റ് വിരിക്കുന്നതിനുള്ള പ്രവൃത്തിക്കായി OD306661/2022-2023 നമ്പറായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി വെള്ളൂർക്കര GLP സ്കൂളിൽ 30 ചതുരശ്ര മീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. .35 Mm ഷീറ്റ് വിരിക്കുന്നതിനായി ഷീറ്റിന് ലോക്കൽ മാർക്കറ്റ് നിരക്കായി ചതുരശ്ര മീറ്ററിന് 350 രൂപ ഉൾപ്പെടുത്തിയാണ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ .50 Mm കനമുള്ള ഷീറ്റുകൾ വിരിക്കുന്നതിനുള്ള 12.50 പ്രകാരമുള്ള ഇനത്തിനെ അടിസ്ഥാനമാക്കിയാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഡാറ്റയിൽ ഹുക്കുകളും വാഷറുകളും അധികമായി നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ 705.83 എന്ന ഉയർന്ന നിരക്കാണ് ഇനത്തിന് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ 51.20 എന്ന ഇനത്തിനെ അടിസ്ഥാനമാക്കി ഷീറ്റിന് LMR നിരക്ക് നൽകിയായിരുന്നു ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.

0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത് 603.04/-രൂപ നിരക്കിലായിരുന്നു. കോഴിക്കോട് ജില്ലയിലെ സാങ്കോതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാത്യകാ ഒബ്സർവ്വ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41/-രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269/- രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും	0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി OD പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്	കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ)	603.04 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക.	പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം
ഗവ പ്രൈമറി സ്കൂളുകളുടെ അറ്റകുറ്റപ്പണി (പ്രൊ.നം- 244/25)	30 Sqm	27612	30x603.04+18% GST=21347	6265

ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കുന്നതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 6,265/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ 6,265/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക്

തിരിച്ചടക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും നിരക്ക് കുറവാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. 51.20 പ്രകാരമുള്ള തൊഴിൽ ഘടകങ്ങൾ, മെറ്റീരിയൽ അളവുകൾ എന്നിവ .50 Mm ഷീറ്റിനെ അധികരിച്ചിട്ടുള്ളതാണെന്നും ആയത് .35 Mm ഷീറ്റിനെ അപേക്ഷിച്ച് ഉയർന്ന നിരക്കുള്ളതുമാണ്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലും മറ്റ് ഗ്രാമപഞ്ചായത്തുകളിലും 2023-24 സാമ്പത്തിക വർഷം വരെ 603.04 (കോസ്റ്റ് ഇൻഡക്സ് 136.44%) രൂപ നിരക്കിലാണ് .35 Mm ഷീറ്റ് വിരിക്കുന്നതിനുള്ള ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. 2024-25 വർഷം മുതൽ ജില്ലാതല സാങ്കേതിക സമിതി ആയത് 464.41/-രൂപയായി കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മറുപടി പരിഗണനീയമല്ല. ബിൽ തുക അനുവദിച്ച് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ ആയത് അംഗീകരിച്ച് നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ട തുക ഈടാക്കി അറിയിക്കേണ്ടതാണ്.

3-6 പ്രവൃത്തി നിർവ്വഹത്തിൽ കാലതാമസം വരുത്തിയ കരാറുകാരന് അധിക നിരക്കിൽ ജി.എസ്.ടി നൽകി.

പ്രൊ.നം, പേര്	ജി.എൽ.പി സ്കൂൾ വെള്ളൂക്കര കെട്ടിടം, ചുറ്റുമതിൽ നവീകരണം, ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം (പ്രൊ.നം- 232/25)
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ ചെയ്ത ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ് തുക	145286
എസ്റ്റിമേറ്റ് നമ്പർ	2018/119260
ബിൽ നം,തിയ്യതി	86/09.07.2024
ഓഡിറ്റ് അന്വേഷണ കുറിപ്പ്	നം.29/2025 തിയ്യതി. 02.12.2025

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ജി.എൽ.പി സ്കൂൾ വെള്ളൂക്കര കെട്ടിടം, ചുറ്റുമതിൽ നവീകരണം, ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം എന്ന പദ്ധതി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത 11.03.2020 വർഷത്തിൽ അബ്ദുൾ കരീം.പി, പൊന്നാരത്തുമ്മൽ എന്ന കരാറുകാരനുമായി 66/AE/LSGD/TVR/2019-20 നമ്പറായി അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശിൽപ പ്രസാദ് എന്നവർ കരാർ ചമച്ചിട്ടുള്ളതാണ്. കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. സാങ്കേതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി 6 മാസം ആയിരുന്നു. അതായത് 10.09.2020 തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ (59/2020-21) പേജ് നമ്പർ 1 മുതൽ 11 വരെ 27/05/2020 മുതൽ 03/07/2020 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതും തുടർന്ന് ഒന്നര വർഷത്തിന് ശേഷം പേജ് നമ്പർ 12 മുതൽ 28 വരെ 01/01/2022 മുതൽ 26/02/2022 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതുമായി കാണുന്നു. ശേഷം 6 മാസം കഴിഞ്ഞ് വീണ്ടും പേജ് നമ്പർ 29 മുതൽ 50 വരെ 23/08/2022 മുതൽ 22/09/2022 വരെയുള്ള തീയതികളിൽ റിക്കോർഡ് ചെയ്തിട്ടുള്ളതുമായി കാണുന്നു. പ്രസ്തുത അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത് 03/03/2023 ന് മാത്രമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച 04.03.2023 തീയതിയിലെ A1/13-LSGD/TDR നമ്പർ കത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിനെ തുടർന്ന് 04.03.2023 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനോട് പ്രവർത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും കൂടാതെ Time Extension, Supplimentary Agreement എന്നിവ ഹാജരാക്കിയതായി ഫയൽ പരിശോധിച്ചതിൽ ലഭ്യമല്ലായെന്നും ആയതിനാൽ പ്രവർത്തിയുടെ കാലതാമസം സംബന്ധിച്ച വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബിൽ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഴയ തീയതി രേഖപ്പെടുത്തി കരാറുകാരൻ മാപ്പപേക്ഷ സമർപ്പിക്കുകയും 08.12.2021 തീയതി രേഖപ്പെടുത്തി സപ്ളിമെന്ററി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. (കരാർ നമ്പർ 66/2020).എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 20.09.2021 മുതൽ 29.12.2021 വരെയുള്ള കാലയളവിൽ ക്രമ നം 19 ആയി വിരോഷ് എന്നവരുമായി ചമച്ച കരാർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിൽ നിന്നും കരാർ പഴയ തീയതി രേഖപ്പെടുത്തി ചമച്ചതാണെന്നത് വ്യക്തമാണ്.

പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) 2018/119260 നമ്പറായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി ഇല്ലാത്തതിനാൽ തന്നെ 38.24 എന്ന ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്കാണ് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ളത്. 27.01.2020 തീയതിയിൽ മാത്രം ഭരണാനുമതി ലഭിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് ജി.എസ്.ടി ഇല്ലാതെയും ഉയർന്ന കോസ്റ്റ് ഇൻഡക്സ് നിരക്ക് നൽകി തയ്യാറാക്കിയതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

ബി) 6 മാസത്തെ മാത്രം നിർവ്വഹണ കാലാവധി ഉണ്ടായിരുന്ന പദ്ധതി മുഖേന പരമാവധി നീട്ടി

നൽകാവുന്ന സമയപരിധി 3 മാസം മാത്രമാണ്. 31.07.2021 വരെയുള്ള കോവിഡ് കാലത്തെ ഇളവുകൾ പരിഗണിച്ചാൽ പോലും കരാറുകാരന് 19.04.2023 വരെ പിഴയില്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) 16,930/- രൂപ കരാറുകാരനിൽ നിന്നും പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. ആയത് ഈടാക്കിയത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഡി) എസ്റ്റിമേറ്റ് ഡിഎസ്.ആർ 2016 അടിസ്ഥാനപ്പെടുത്തി 38.24 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ളതും 2020 വർഷത്തിൽ കരാർ ചമക്കപ്പെട്ടതുമാണ്. കരാറുകാർക്ക് 12 ശതമാനം ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച് ഉത്തരവായ സാഹചര്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 32.04 ശതമാനമായി കുറവ് വരുത്തിയിരുന്നു. ഇതിൽ നിന്നും 38.24 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ നിരക്കുകളിൽ നികുതി ബാധ്യതകളും ഉൾപ്പെട്ടിരുന്നു എന്നത് വ്യക്തമാണ്. 01.11.2017 തീയതിയിലെ സ.ഉ(ആർ.ടി) 87/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കരാറുകാരന് 5% ജി.എസ്.ടി കോമ്പൻസേഷനുള്ള അർഹതയെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ബില്ലുകളിൽ 18% ജി.എസ്.ടി അനുവദിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം	അനുവദിച്ച ജി.എസ്.ടി	അനുവദിക്കേണ്ടിയിരുന്നത്	അധികമായി അനുവദിച്ചത്
564326.04	101578.68	28216.3	73362

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുകയായ 90,292/-രൂപയിൽ 73,362/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 16,930/-രൂപ തനത് ഫണ്ടിലേക്കും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
17	1,01,000	1,01,000	ഇല്ല	ഇല്ല

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
01	ഏപ്രിൽ 2024	6,000	6,000	ഇല്ല	ഇല്ല

3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)***	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	27.11.2025, 28.11.2025	ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2024-25 വർഷം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	പ്രൊജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാലൻസ്
ഗ്രാമ പഞ്ചായത്ത്	2024/25	അതിദരിദ്ര കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം	1,20,000	1,20,000	0
ജില്ലാ പഞ്ചായത്ത്	2024/25	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	2,25,260	2,25,260	0
ജില്ലാ പഞ്ചായത്ത്	2024/25	ക്ഷീരകർഷക പാലിന് ഇൻസെന്റീവ്	85009	85009	0

ജില്ലാ പഞ്ചായത്ത്	2024/25	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം	50000	50000	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	6,75,780	6,75,780	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	നിറപറ- നെൽകൃഷി വ്യാപനം വിത്ത്-കുമ്മായം – കൂലിചെലവ് സബ്സിഡി	1,04,064	1,04,064	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	ലൈഫ് ഭവന നിർമ്മാണവും സ്ഥലം വാങ്ങലും.	5,50,000	5,50,000	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	തുമ്പോളിമുക്ക് കുടിവെള്ള പദ്ധതി ടാങ്ക നിർമ്മാണം.	7,54,076	7,54,076	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	ക്ഷീരകർഷക പാലിന് ഇൻസെന്റീവ്	3,00,000	3,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2024/2025	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം	3,00,000	3,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	തരിശു നെൽക്കൃഷിക്ക് ധനസഹായം	29880	29880	0
ബ്ലോക്ക് പഞ്ചായത്ത്	2024/25	സ്ഥിരം കൃഷി- നെല്ല് സബ്സിഡി ധനസഹായം	90000	90000	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ - വായ്പ തിരിച്ചടവ്

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പത്രിക തയ്യാറാക്കിയിട്ടുള്ളത്. വായ്പാ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത് സംബന്ധിച്ച പരാമർശം ഖണ്ഡിക 1-1-14 ൽ ഉൾപ്പെടുത്തിയത് കാണുക.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി ലോൺ-ലൈഫ്	സ.ഉ (സാധാ) നം.G.0(MS)68/2018 Dtd.18.05.2018	0	29,37,276	1017665	---	1919611

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	68,41,158
തൻവർഷം നിക്ഷേപിച്ച തുക	5,73,627
ആകെ	**74,14,785**
തൻവർഷം പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	74,14,785

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക
മന്തരുത്തൂർ സഹകരണ ബാങ്ക-106120010004479	33,77,920
മന്തരുത്തൂർ സഹകരണ ബാങ്ക-106120010002131	19,20,476
മന്തരത്തൂർ സഹകരണ ബാങ്ക് 106120010002797	12,83,012
കേരള ബാങ്ക്-100171807520021	8,33,377
ആകെ	**74,14,785**

തൻ വർഷം ആർജ്ജിച്ച പലിശ വരവിലെ പൊരുത്തക്കേട് സംബന്ധിച്ച പരാമർശം ഖണ്ഡിക 1-1-4ൽ ഉൾപ്പെടുത്തിയത് കാണുക.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ അവസ്ഥ
2014-15, 2-4	2016-17, അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	പരാമർശം തുടരുന്നു
2015-16, 2-2	2016-17 അനുബന്ധം -5	തൊഴിൽ നികുതി അപാകതകൾ	പരാമർശം തുടരുന്നു

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക	സർട്ടിഫിക്കറ്റ് നമ്പർ, തീയതി	ഉത്തരവാദിയായവർ	ഉൾപ്പെട്ട തുക	റിമാർക്സ്
2007-08 3-14, 3-16	LF14922/Spl Cell/CSC/D2/13	ശ്രീ.മുഹമ്മദ് ഷഫീഖ്.പി, സെക്രട്ടറി ഷിബ്ല (ഹൗസ്) എസ്.ബി കോളനി റോഡ്, മേട്ടം കുന്ന്, തലശ്ശേരി	10758 10645	തുടരുന്നു

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	105023021
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	89403823
വരവിനങ്ങളിലുള്ള നഷ്ടം	----
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	135960
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,00,000

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	6313	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ
	6313	സീജ.എൻ.പി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-2	958	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ
	958	മുഹമ്മദ് ഇസ്മയിൽ.കെ.ടി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-3	2435	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ
	2434	മുഹമ്മദ് ഇസ്മയിൽ.കെ.ടി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-4	9996	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ

	9996	മുഹമ്മദ് ഇസ്മയിൽ.കെ.ടി. അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ
3-5	3133	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ
	3132	സീജ.എൻ.പി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ
3-6	90292	ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	2,00,000	സജിത് കുമാർ.എം.കെ. സെക്രട്ടറി
ആകെ	**2,00,000**	

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിര മേൽവിലാസം
ശ്രീമതി.ഗീതികാ ചന്ദ്രബോസ് അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്. തൃശ്ശൂർ	വാകയിൽ ഹൌസ് പെരിങ്ങോട്ടുകര തൃശ്ശൂർ 680565
സജിത് കുമാർ.എം.കെ. സെക്രട്ടറി	സെക്രട്ടറി തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്.	നീഹാരം, മുയിപ്പോത്ത്(പി.ഒ), കോഴിക്കോട്
സീജ.എൻ.പി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ പാനൂർ ബ്ലോക്ക് പഞ്ചായത്ത്.	ആനന്ദ്, മനക്കൽ ക്ഷേത്രത്തിന് സമീപം, കൂത്തുപറമ്പ്, കണ്ണൂർ.
മുഹമ്മദ് ഇസ്മയിൽ.കെ.ടി. അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്.	സകാൻ, ചെറുവണ്ണൂർ.പി.ഒ, മേപ്പയ്യൂർ.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലുത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2002-03	കെ.എസ്എ/കെകെഡി/പി5/1606/2022തീയതി.20/10/2022	5	2-1, 3-2, 3-4, 3-6, 3-14
2006-07	കെ.എസ്എ/കെകെഡി/പി5/1261/2022തീയതി.20/10/2022	3	3-17, 3-19, 3-20,
2007-08	കെ.എസ്എ/കെകെഡി/പി5/1268/2022തീയതി.20/10/2022	4	2-6(2),3-14, 3-16, 3-17
2008-09	കെ.എസ്എ/കെകെഡി/പി5/1273/2022തീയതി.20/10/2022	8	2-1, 2-2, 2-5, 2-6, 2-7,3-12, 3-14(2), 3-17

2009-10 & 2010-11	എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013	16	3-2 മുതൽ 3-5 വരെ,3-7 മുതൽ 3-9 വരെ,3-12, 3-13, 3-14, 3-15, 3-18, 3-19,3-22, 3-24, 3-25
2013-14 & 2014-15	കെ.എസ്എ/കെകെഡി/പി5/ 1274/2022തീയതി.20/10/2022	3	2-2, 2-3, 2-4
2015-16	കെ.എസ്എ/കെകെഡി/പി5/ 1269/2022 തീയതി.20/10/2022	5	2-2, 2-3, 3-1, 3-3, 3-6
2016-17	കെ.എസ്എ/കെകെഡി/പി5/ 1272/2022 തീയതി 20/10/2022	5	2-5, 2-7, 3-2, 3-4, 3-6
2017-18	കെ.എസ്എ/കെകെഡി/പി5/ 1605/2022 തീയതി 20/10/2022	6	2-3, 2-4(1), 3-3,3-5, 3-7(1), 3-13
2018-19	കെ.എസ്.എ/ കെ.കെ.ഡി/പി5/239/2020/ തീയതി 10/06/2020	28	1-5 മുതൽ 1-32 വരെ, 2-1
2019-20	കെ.എസ്എ/കെകെഡി/പി5/ 1422/2022 തീയതി.22/03/24	29	1-1(1,2,3,4,5), 1-2-1(1,2,3,4,5,6,7,8,9,11), 1-4-1, 1-5(ബി), (സി), 1-6, 1-7, 1-8(1), 1-8(2), 1-9, 1-10, 1-11, 1-12, 1-13(1), 1-14-1, 4-11
2020-21	കെ.എസ്എ/കെകെഡി/പി5/ 1643/2022തീയതി.07/06/2023	29	1-1-1, 1-1-4, 1-2(1,2,3,4,6,10) 1-5, 1-7, 1-10, 1-11-1,2,3, 1-12,1-13, 1-14, 1-15, 1-16, 1-17, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27,1-28, 1-29
2021-22	കെ.എസ്എ/കെകെഡി/പി5/220/23 തീയതി.07/06/23	30	1-1 , 1-4, 1-5, 1-6,1-7, 1-8, 1-9, 1-10,1-11,1-12, 1-13,1-14,1-15,1-16,1-17, 1-18, 1-19,1-20,1-21, 1-22, 1-23,1-24,1-25,1-26,1-27,1-28, 1-29,1-30,1-31, 3-1
2022-23	കെ.എസ്എ/കെകെഡി/പി5/1726/23 തീയതി 30/03/2024	35	1-1, 1-1-1 മുതൽ 1-1-6 വരെ, 1-2,1-5,1-6,1-9 മുതൽ 1-32 വരെ, 2-1, 4-11
2023-24	കെ.എസ്എ/കെകെഡി/പി5/2099/24 തീയതി 21.04.2025	29	1-1, 1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 4-6, 4-11

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 11-06-2025 and submitted on 20-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thiruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thiruvallur Grama Panchayat as on 31-03-2025

Date: 08/01/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thiruvallur Grama Panchayat for the Year 2024-2025.

1.Major Observations

1.Non disclosure of Asset
2. Non disclosure of Liability

2.Other Observations

1. All Annexures and statements were not submitted.

2. Welfare Pension - Income and expenditure amounts do not match with AFS.

3. Expenditure amount was recorded as minus balance.

4. Investment Register - Difference in interest income.

5. Auditorium rent - Does not match with the register.

6. Professional Tax -AFS amounts does not match with the demand register.

7. Permit register-AFS amounts does not match with the annual accounts.

8. Depreciation of roads has not been specifically included in the Balance Sheet.

9. The asset value of land has not been included in the annual accounts.

10. Stock balance/inventory - No records produced.

11. Arrear register is not maintained.

12. Loan liability does not match with Loan register.

13. Depreciation work sheet is not available.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്